# CHURCH VOICE

## CSI MATEER MEMORIAL CHURCH

Vol. 24 No. 05 Newsletter June, July, August 2026




› Compound wall demolished by JCB, sign boards cut and removed

# OUR CHURCH WAS ATTACKED & LOOTED

› Church office plundered, furniture shattered, safe broken, cash, valuable records, computer, printer - all stolen





മെറ്റീർ മെമ്മോറിയൽ സഭയുടെ
പീഡന സ്മരണ പതിപ്പ്

All church members were DRIVEN OUT of the Church compound and GATE CLOSED.



## MATEER MEMORIAL CSI CHURCH MEMBERS' MEETING on 13-06-2026 held at YMCA, Trivandrum to evaluate the present calamities faced by church members and to plan further plan of action.





Members Meeting-ൽ പങ്കെടുത്ത എല്ലാ എം. എം. ചർച്ച് അംഗങ്ങൾക്കും നന്ദി.
നമ്മൾ ഒന്നിച്ചെടുത്ത തീരുമാനങ്ങളിൽ നാം ഉറച്ച് നിൽക്കും.
ദൈവത്തിൽ ആശ്രയിച്ച് കൊണ്ട് ഒത്തൊരുമയോടെ നമുക്ക് നീതിക്കായി പോരാടാം.
ദൈവം നമ്മെ ബലപ്പെടുത്തട്ടെ!

# STUDY MATERIALS DISTRIBUTION













# CHURCH VOICE

24th year of publication

JUNE, JULY, AUGUST
2026

**ADDRESS**


The Chief Editor, Church Voice
M.M. Church, LMS
Compound, Trivandrum-33


Articles/Feedback may be sent to


churchvoice@gmail.com

before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Morning Prayer (Monday-Saturday) | 05:00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sunday | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| Monday | Bible Study | 05.00pm |
| | Vestry Prayer | 06.30pm |
| Tuesday | Circle Prayer | 06.30pm |
| Wednesday | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thursday | Senior Citizens' Fellowship | 04.30pm |
| | Worship & Witnessing Service | 06:15pm |
| Friday | Circle Prayer | 06:30pm |
| Saturday | Fasting Prayer (2nd Saturday) | 10:00am |
| | Guitar Class | 04:00pm |
| | Choir Practice | 05.00pm |
| | Young Family Fellowship | 05:30pm |

## CHURCH OFFICE

| | |
|---|---|
| Mr. Saju Stanley (Manager) | 9447470953 |
| Mr. Darwin D. L. (Accounts Clerk) | 9809748617 |
| Mr. Rajeev T. | 9895801012 |
| Mr. G. Wilson | 9447525339 |
| Mr. Anil Kumar | 9048361292 |

*“വരുവിൻ നാം വണങ്ങി*
*നമസ്കരിക്ക;*
*നമ്മെ നിർമ്മിച്ച*
*യഹോവയുടെ മുമ്പിൽ*
*മുട്ടുകുത്തുക”*
*(സങ്കീർത്തനങ്ങൾ 95:6)*



# പത്രാധിപക്കുറിപ്പ്



അവധി കഴിഞ്ഞ് പുതിയ അദ്ധ്യയന വർഷം ആരംഭിച്ചിരിക്കുന്നു. **യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം. അവയെ ആചരിക്കുന്നവർക്ക് നല്ല ബുദ്ധി.** പുതുവർഷം പുതുമയുടെ പുത്തൻ സുദിനങ്ങളാണ്. എവിടെയും നവ്യവും മനോഹരവുമായ ദൃശ്യങ്ങൾ. ഈ തലങ്ങളിൽ സർവ്വവും പുതുക്കുന്ന സർവേശ്വരന്റെ കൃപാകടാക്ഷങ്ങൾ ചൊരിയപ്പെടുന്നു. ഇന്നാൾവരെ നമ്മൾ കണ്ടിട്ടും കേട്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത പലതും നമ്മുടെ യുവത അഭിമുഖീകരിക്കുകയാണ്. നാം നമ്മുടെ തലമുറയുടെ ഭാവിയെക്കുറിച്ച് ഉതുകണ്ഠാകുലരാണ്. അതുകൊണ്ട്, നമ്മുടെ കുട്ടികളെക്കുറിച്ചും, അവർ ഉൾപ്പെടുന്ന ലോകത്തെക്കുറിച്ചും, അതിലൂടെ അവർ എങ്ങനെ കടന്നുപോകുമെന്നും ചിന്തിച്ച് വ്യാകുലപ്പെടുന്നു.

ഈ ലോകം നൽകുന്ന അറിവും വിവരവും ഏറെ ഗുണകരമാണെങ്കിലും ദൈവീക പരിഞ്ജാനമില്ലെങ്കിൽ അവയൊക്കെ ഗുണത്തിലേറെ ദോഷത്തിന് കാരണമാകും. **ദൈവീക പരിജ്ഞാനം അഹങ്കാരത്തിന്റെയും അധാർമികതയുടെയും പാതയിൽ നമ്മുടെ കുട്ടികൾ സഞ്ചരിക്കാൻ അനുവദിക്കില്ല.** അവർ യേശുവിനെപ്പോലെ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വരട്ടെ.

വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കും മാത്രമല്ല. കളിയും കലയും സാംസ്കാരിക പ്രവർത്തനവും ഒക്കെ അവർ പഠനത്തോടൊപ്പം ശീലിക്കട്ടെ. അവർ അവയെ കണ്ടെത്തട്ടെ. വ്യക്തിപരമായ രൂപാന്തരം അവരിൽ രൂപപ്പെടട്ടെ. **മഹത്തായ നൈപുണ്യങ്ങളും സംശുദ്ധ മനോഭാവവും സൽസ്വഭാവവും മാതൃകാപരമായ അച്ചടക്കവും ഈടുറ്റ മൂല്യങ്ങളും നല്ല വിദ്യാഭ്യാസം ഉറപ്പിക്കും.** ദൈവഭക്തിയിൽ വളർത്തപ്പെടുന്നതിലൂടെ ഇതൊക്കെ സാധ്യമായിത്തീരും.

ഡിജിറ്റൽ പഠനശാലയായ നിർമ്മിത ബുദ്ധി വളരെ പ്രചാരത്തിലുള്ള ഈ കാലഘട്ടത്തിൽ, ദൈനംദിന ജീവിതത്തിൽ നാം അതിനെ പലതിനും ആശ്രയിക്കുകയാണ്. പിശകുകൾ ഗണ്യമായി കുറയ്ക്കുവാനും കൃത്യത വർധിപ്പിക്കാനും കഴിഞ്ഞേക്കാം. നിർമ്മിത ബുദ്ധിയുടെ ഗുണഭോക്താക്കൾ ആകുന്നതോടൊപ്പം ദൈവദത്തമായ ബുദ്ധിയും ജ്ഞാനവും, വിവരവും, വിവേകവും വിസ്മരിക്കാൻ പാടില്ല.

**ഇന്നത്തെ വിദ്യാഭ്യാസവും സാങ്കേതിക വിദ്യയും പലപ്പോഴും നമ്മെ ശരിയുടെ പാതയിൽ സഞ്ചരിക്കുവാൻ പ്രാപ്തിപ്പെടുത്തുന്നില്ല.** നാം നേടിയെടുക്കുന്ന അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും അപ്പുറത്താണ് ദൈവീക പരിജ്ഞാനം എന്ന തിരിച്ചറിവിലേക്ക് നാമും നമ്മുടെ കുട്ടികളും യുവതലമുറയും വിദ്യാർത്ഥി ലോകവും എത്തിച്ചേരണം.

**വിദ്യാഭ്യാസം ഭവനത്തിലാണ് ആരംഭിക്കേണ്ടത്.** ഇക്കാര്യത്തിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. അവരുടെ ശാരീരിക ആരോഗ്യം, മാനസീക നില, വൈകാരിക ബുദ്ധി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല ആഹാരം കൂടിയേ തീരൂ. ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കണം. രാവിലെയും രാത്രിയിലും കുടുംബ പ്രാർത്ഥന മുടക്കം കൂടാതെ നടത്തപ്പെടണം. കളിയും വിനോദങ്ങളും അഭ്യസിപ്പിക്കണം. സാമൂഹ്യ പരിസ്ഥിതി ബോധം കൈവരിക്കണം. അമിത മത്സരതൃഷ്ണ ഒഴിവാക്കണം. മാതാ പിതാക്കൾ മക്കൾക്ക് ആവശ്യമായ സമയം നൽകണം. ഒരുമിച്ചുള്ള യാത്രകളും അനുഭവങ്ങളും പങ്കുവയ്ക്കണം. ചുറ്റുമുള്ളവരെ ബഹു മാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ മക്കൾ പഠിക്കണം. പ്രാവീണ്യമേറിയ അധ്യാപകരുടെ പരിചരണം അവർക്ക് ലഭ്യമാകട്ടെ. **അവർ ഉയരത്തിലെ ശക്തി പ്രാപിച്ച് കഴുകന്മാരെപ്പോലെ പറന്നുയരട്ടെ.**

പുത്തൻ പ്രതീക്ഷകളോടെ വിദ്യാലയങ്ങളിലേക്ക് പോകുന്ന എല്ലാ കൊച്ചുമക്കൾക്കും ബാലികാ ബാലന്മാർക്കും യുവജനങ്ങൾക്കും പ്രാർഥനകളും ആശംസകളും നേരുന്നു.

**പത്രാധിപർ**

SOCIETY FOR ORCHESTRAL AND CHORAL MUSIC
Presents
**GRAND CLASSICAL CONCERT**
with the co-operation of
LEADING CHOIRS & INDIA YOUTH CHAMBER ORCHESTRA
Guest Artists: COCHIN JUPITER STRINGS
**at 6.00 pm on Sunday the 23rd Aug' 26 at Freemasons Hall, Vazhuthacaud**
Chief guest: Rev. (Dr.). L.E. SAHANAM (Former Presbyter-in-charge, M.M. Church
Compere: Er. ANIND BEN ROY
ADMISSION FREE

# The Meaning of Carrying the Cross

**M. G. Mathew**

## In His Everlasting Arms

Dear friend, the life of carrying the cross is a life of pain and agony. Sometimes your cross may be the persecution you suffer in MM Church life, an incurable disease, a physically handicapped child, an acute financial crisis, a broken marriage, divorce, or estranged family relationship. But you alone have to carry that cross. **Remember, if you carry your cross honestly with unfailing faith in Jesus without grumbling, looking at the cross of Calvary, the Lord who knows the brunt of the pain of carrying the cross, will carry you in His everlasting arms.** He knows the limits of your tolerance or capacity to carry the cross. When you are about to fall, the Lord will send you a person like Simon the Cyrene to help you to carry the cross. In your sufferings, think of the great relief Jesus felt when Simon the Cyrene carried His cross up to Golgotha. As the living God, He understands everything as the one who carried away your sins and sicknesses. Do not be like doubting Thomas, Judas the betrayer and Peter who denied Jesus; such people are still a part of our modern society.

The present unelected temporary leadership of MM Church is a cross to the congregation. These are people like the Levite and the priest who turned their face and went away without helping the lonely traveller who was robbed, beaten and left in he middle of the road by the robbers at Jericho, as in our churches even today. This unholy alliance, who never reflect even a ray of mercy, can only bring pain and melancholy to the society, particularly to those who are loyal to the Lord.

**കാർമേഘത്തിൽ മഴവില്ല്**

എം. എം. ചർച്ച് അംഗങ്ങളായ നാം നേരിട്ട കൊടും ക്രൂരതകളുടെയും, പ്രതികൂലങ്ങളുടെയും, പ്രതിസന്ധികളുടെയും, ആക്രമണങ്ങളുടെയും, ഭൂതകാല സഹന അനുഭവങ്ങളുടെയും, ദൈവനടത്തിപ്പിന്റെയും സ്മരണകൾ കാർമേഘത്തിൽ മഴവില്ല് പോലെയാണ്.

*ദൈവത്തിന് സ്തുതി!*

## 2022-ൽ എം. എം. ചർച്ചിൽ മഹായിടവക നടത്തിയ ആക്രമണത്തിന് 2026-ൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു

കർത്താവിൽ പ്രിയരേ,

2022 ഏപ്രിൽ മാസം 29-ന് അന്നത്തെ SKD അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭാരവാഹികളുടെയും ബിഷപ്പിന്റെയും നേതൃത്വത്തിൽ എം.എം.ചർച്ചിന്റെ ഗേറ്റ് തകർത്ത് ക്യാമ്പസ്സിൽ അതിക്രമിച്ചുകയറി, പള്ളിയുടെ പൂട്ട് തകർത്ത് സഭയെ കായിക ബലത്തിലൂടെ കത്തീഡ്രലായ് പ്രഖ്യാപിക്കയും, സഭാ ജനങ്ങളെ മർദിക്കയും, ചർച്ച് ഓഫീസ് കുത്തിത്തുറന്ന് ചരിത്രപ്രാധാന്യമായ വസ്തുക്കളും പണവും ഉൾപ്പടെ കൊള്ളയടിച്ചതും എല്ലാവരും ഓർക്കുന്നുണ്ടല്ലോ.

അന്ന് പോലീസിനും ബന്ധപ്പെട്ട സർക്കാർ അധികാരികൾക്കും പരാതി നൽകിയെങ്കിലും, ചിലരുടെ സ്വാധീനത്തിന്റെ ബലത്തിൽ, കേസെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിരുന്നില്ല.

തുടർന്ന് നമ്മൾ തിരുവനന്തപുരം CJM കോടതിയിൽ കേസ് ഫയൽ ചെയ്തു. 4 വർഷത്തെ നിയമപോരാട്ടത്തിനൊടുവിൽ 2026 ജൂൺ 9-ന് പരാതിയിന്മേൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കോടതി ഉത്തരവിട്ടു.

കോടതി ഉത്തരവ് പ്രകാരം 2026 ജൂൺ 20-ന് പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു. നമ്മുടെ പ്രാർത്ഥനകൾ ഒന്നും വൃഥാവായി പോകില്ല. ഏവരും തുടർന്നും പ്രാർത്ഥിക്കുക.

MATEER MEMORIAL
CSI CHURCH
THIRUVANANTHAPURAM

MUTTADA
WARD
CONVENTION

DATE
**26 JULY 2026**

TIME
**6:00 PM**

VENUE
AT THE RESIDENCE OF
ER. NEIL JOSHUA JONES
Neil Bhavan, PRA 15,
Paruthippara, Muttada,
Trivandrum

***All are Welcome***

# എം. എം. ചർച്ചിന് നേരെയുള്ള പീഡനങ്ങളും ദൈവത്തിന്റെ നടത്തിപ്പും

വളരെ സന്തോഷത്തോടും സ്വാതന്ത്ര്യത്തോടും ജനങ്ങൾ ആരാധിച്ചിരുന്ന സഭയാണ് എം. എം. ചർച്ച്. 1900 മുതൽ സഭാ ജനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റി ആണ് സഭയ്ക്ക് നേതൃത്വം നൽകിയിരുന്നത്. നമുക്ക് ഒത്തൊരുമയോടെ ആരാധനകളിൽ പങ്കെടുക്കാനായും സജീവമായി സഭയുടെയും ഉപസംഘടനകളുടെയും പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിച്ചിരുന്നു. ദക്ഷിണ കേരള മഹായിടവകയിലെ ഏറ്റവും കൂടുതൽ കാണിക്കയും സ്ത്രോത്ര കാഴ്ചയും നൽകുന്ന സഭയാണ് എം. എം. ചർച്ച്. പ്രധാനമായും ദുർബലരെ സഹായിക്കാനും മിഷൻ പ്രവർത്തനങ്ങൾക്കുമാണ് അധികം ധനവും നമ്മൾ ചെലവഴിച്ചിരുന്നത്. ചികിത്സ, വിവാഹം, മെഡിക്കൽ തുടങ്ങി വിവിധ ആവശ്യങ്ങളുമായി നമ്മുടെ സഭയെ സമീപിക്കുന്ന ആരെയും നിരാശരാക്കാതെ, കഴിയുന്ന സാമ്പത്തിക സഹായം നമ്മൾ ചെയ്തിരുന്നു. സെന്റിനറി വർഷമായ 2006-ൽ ഒരു വർഷം മാത്രം 41 വീടുകൾ വച്ച് നൽകിയ ചരിത്രം നമുക്കുണ്ട്. നമ്മൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് സഭയുടെ അംഗങ്ങളെ അറിയിക്കുമെന്നല്ലാതെ സഹായങ്ങൾ ലഭിക്കുന്ന വ്യക്തികളുടെ ഫോട്ടോ എടുത്ത് ഒരിടത്തും പരസ്യം ചെയ്തിരുന്നില്ല.

ദക്ഷിണ കേരള മഹായിടവകയുടെ ആസ്ഥാനമായ LMS കോമ്പൗണ്ടിലാണ് നമ്മുടെ സഭ സ്ഥിതി ചെയ്യുന്നതെങ്കിലും മഹായിടവകയിലെ തിരുവചന വിരുദ്ധ പ്രവർത്തനങ്ങളിലോ പ്രശ്നങ്ങളിലോ രാഷ്ട്രീയത്തിലോ എം. എം. ചർച്ച് ഇടപെട്ടിരുന്നില്ല.

**2009-ൽ സംഭവിച്ചത്**

2009 മാർച്ച് 31-ന് എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കാൻ ദക്ഷിണ കേരള മഹായിടവകയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു. കത്തീഡ്രൽ ആക്കിയാൽ സഭയുടെ പ്രെസ്ബിറ്റർ ഇൻ ചാർജ് ബിഷപ് ആയിരിക്കുമെന്നും, ജനാധിപത്യ രീതി അവസാനിപ്പിച്ച് സഭയുടെ ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി എം. എം. ചർച്ച് അംഗങ്ങളും മഹായിടവകയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ബിഷപ് നാമനിർദ്ദേശം ചെയ്യും എന്നതുൾപ്പടെയുള്ള ബൈലോ നടപ്പിലാക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു. എന്നാൽ CSI സഭയും ദക്ഷിണ കേരള മഹായിടവകയും ഉണ്ടാകുന്നതിന്

പതിറ്റാണ്ടുകൾക്ക് മുൻപ് സ്ഥാപിക്കപ്പെട്ട എം. എം. ചർച്ചിലെ സഭാ കമ്മിറ്റിയോടും ജനറൽ ബോഡിയോടും ആലോചിക്കാതെ ഇത്തരം ഒരു തീരുമാനം കൈക്കൊണ്ടതിനെതിരെ 2009 ജൂൺ 21-ന് കൂടിയ സഭയുടെ ജനറൽ ബോഡി യോഗം പ്രതിഷേധം രേഖപ്പെടുത്തുകയും എം.എം. ചർച്ചിനെ കത്തീഡ്രൽ ആക്കാനുള്ള മഹായിടവകയുടെ നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ല എന്ന് തീരുമാനം എടുക്കുകയും അത് മഹായിടവകയെ അറിയിക്കുകയും ചെയ്തു. തുടർന്ന് ഈ വിഷയം ചർച്ച ചെയ്യുന്നതിനായി നമ്മുടെ സഭയുടെ പ്രതിനിധികളും മഹായിടവകയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു പ്രത്യേക സമിതിയെ രൂപീകരിച്ചു.

2009 നവംബർ 15-ന് കൂടിയ എം. എം. ചർച്ചിന്റെ ജനറൽ ബോഡി യോഗം പള്ളിയുടെ പേര് വേണമെങ്കിൽ 'Mateer Memorial CSI Cathedral' എന്ന് ആക്കാമെന്നും മഹായിടവക മുന്നോട്ട് വച്ച മറ്റ് ഭരണപരമായ നിർദ്ദേശങ്ങൾ ഒന്നും അംഗീകരിക്കാൻ കഴിയില്ല എന്നും പ്രമേയം പാസ്സാക്കി മഹായിടവകയെ അറിയിച്ചു. എന്നാൽ ഈ നിർദ്ദേശം മഹായിടവകയ്ക്ക് സ്വീകാര്യം ആയിരുന്നില്ല. ആയതിനാൽ എം.എം.ചർച്ചിനെ കത്തീഡ്രൽ ആക്കുന്നതിനുള്ള എല്ലാ തീരുമാനങ്ങളും റദ്ദ് ചെയ്യുന്നതിന് 2010 ഒക്ടോബർ 14-ന് ചേർന്ന മഹായിടവക എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. മാത്രമല്ല, LMS കോമ്പൗണ്ടിൽ തന്നെ വിൽസ് ഹോസ്റ്റലിന് സമീപം ഒരു പുതിയ കത്തീഡ്രൽ പണിയുന്നതിനും തീരുമാനിച്ചു. ഈ തീരുമാനത്തെത്തുടർന്ന് അവിടെ കത്തീഡ്രൽ ആരാധന ആരംഭിക്കുകയും 12 വർഷങ്ങൾ ആ സഭയുടെ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്തു.

**മഹായിടവകയിലെ ഭരണമാറ്റം**

2020 നവംബറിലാണ് ദക്ഷിണ കേരള മഹായിടവകയിൽ അന്നുണ്ടായിരുന്ന തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയെ പുറത്താക്കിയിട്ട് റ്റി. റ്റി. പ്രവീണിനെ അഡ്മിൻ സെക്രട്ടറി ആയി അന്നത്തെ ബിഷപ്പ് ധർമരാജ് റസാലം നിയമിച്ചത്. ഈ കാര്യം നടന്നപ്പോൾ മഹായിടവകയിലെ മറ്റ് സഭകളിലെ അനേകം വിശ്വാസികൾ പ്രതിഷേധത്തിനായി LMS കോമ്പൗണ്ടിലും പരിസരത്തും എത്തിയെങ്കിലും എം. എം. ചർച്ച് ഈ വിഷയത്തിൽ ഇടപെടുകയോ പ്രതിഷേധത്തിൽ പങ്ക് ചേരുകയോ ചെയ്തില്ല.

**മിഷൻ വില്ലേജ്**

2021-ലാണ് നമ്മുടെ സഭ സാധു ജനങ്ങളെ സഹായിക്കുന്ന മിഷൻ വില്ലേജ് എന്ന ഒരു പ്രോജക്ട് ആരംഭിക്കാൻ തീരുമാനിച്ചത്. വിതുരയ്ക്ക്

സമീപം 6 ഏക്കർ സ്ഥലം വാങ്ങി ഹെൽത്ത് സെന്റർ, സ്കൂൾ, വിവിധ കൃഷികൾ, ചെറുകിട സംരംഭങ്ങൾ, കൗൺസിലിങ് സെന്റർ, റിട്രീറ്റ് സെന്റർ, വൃദ്ധ സദനം, ഡി-അഡിക്ഷൻ സെന്റർ തുടങ്ങിയവ ആരംഭിക്കാനായിരുന്നു നമ്മുടെ ശ്രമം. വിതുര, പൊന്മുടി, പാലോട് തുടങ്ങിയ പ്രദേശങ്ങളിൽ പാർക്കുന്ന സാധുക്കളായ ജനങ്ങളുടെ ഉന്നമനമായിരുന്നു ഈ പദ്ധതിയിലൂടെ എം. എം. ചർച്ച് ലക്ഷ്യമിട്ടത്.

മിഷൻ വില്ലേജിനുള്ള സ്ഥലത്തിന് മാത്രം മൂന്ന് കോടി രൂപയായിരുന്നു ചെലവ്. മറ്റ് പ്രവർത്തനങ്ങളുടെ നിർമ്മാണചെലവ് ഏകദേശം പത്ത് കോടി രൂപയായിരുന്നു. പ്രൊജക്ടിനുള്ള സ്ഥലം കണ്ടെത്തുകയും 2021 സെപ്റ്റംബർ മാസം ആയപ്പോൾ ഒരു കോടി രൂപയ്ക്ക് മുകളിൽ ധനം സമാഹരിക്കാനും നമുക്ക് സാധിച്ചു. CSI സഭയുടെ നിയമം അനുസരിച്ച് ഏതൊരു സഭയ്ക്കും CSITAയുടെ പേരിൽ മാത്രമേ വസ്തുക്കൾ വാങ്ങാൻ സാധിക്കുകയുള്ളു.

2021 സെപ്റ്റംബർ 30-ന് സ്ഥലം വാങ്ങുന്നതിനുള്ള എഗ്രിമെന്റ് ഒപ്പിടാൻ വേണ്ടി എത്തിയപ്പോഴാണ് അന്നത്തെ അറ്റോർണിമാരിൽ ഒരാളായ ദക്ഷിണ കേരള മഹായിടവകയുടെ അഡ്മിൻ സെക്രട്ടറി റ്റി. റ്റി. പ്രവീണിന് കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പദ്ധതി എം. എം. ചർച്ച് തുടങ്ങാൻ പോകുന്നു എന്നും, എം. എം. ചർച്ചിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി ധാരാളം നിക്ഷേപവും എം. എം. ചർച്ചിന് സ്വന്തമായി തിരുവനന്തപുരം പട്ടണത്തിന്റെ ഹൃദയഭാഗങ്ങളിൽ കോടികൾ വിലമതിക്കുന്ന വസ്തുക്കളും കെട്ടിടങ്ങളും ഉണ്ടെന്നും മനസ്സിലാകുന്നത്. നമ്മുടെ സഭ പിടിച്ചടക്കിയാൽ ധനവും വസ്തുക്കളും, മിഷൻ വില്ലേജിൽ നടക്കാൻ പോകുന്ന കോടികളുടെ നിർമ്മാണ പ്രവർത്തനങ്ങളും തന്റെ നിയന്ത്രണത്തിൽ ആകുമെന്ന് റ്റി. റ്റി. പ്രവീൺ വിലയിരുത്തി ദുരാഗ്രഹിയായി രൂപപ്പെട്ടു.

**ബൂംബാരിയർ**

കാലങ്ങളായി ഉപയോഗിച്ചിരുന്ന, LMS കോമ്പൗണ്ട് വഴി എം. എം. ചർച്ചിൽ പ്രവേശിക്കുന്ന സഭയുടെ പിൻഗേറ്റ് അപ്രതീക്ഷിതമായി തടഞ്ഞുകൊണ്ട് ഒരു ബൂംബാരിയർ സ്ഥാപിക്കുന്നതായി അറിയിക്കുന്ന ഒരു കത്ത് അന്നത്തെ പ്രെസ്ബിറ്റർ-ഇൻ-ചാർജ് ജേക്കബ് അച്ചന് മഹായിടവക അഡ്മിനിൻ സെക്രട്ടറി റ്റി. റ്റി. പ്രവീണിൽ നിന്ന് ലഭിച്ചു. ഈ കത്ത് ലഭിച്ച ഉടനെ സഭാ കമ്മിറ്റി പ്രതിനിധികൾ അഡ്മിൻ സെക്രട്ടറിയെ കണ്ട് സംസാരിച്ചപ്പോൾ എം. എം. ചർച്ചിലേക്ക് വരുന്ന വാഹനങ്ങളെ തടയില്ല എന്നും നമുക്ക് ബൂം ബാരിയർ തുറന്ന് തരുമെന്നും അയാൾ അറിയിച്ചു. വഴി ഉപയോഗിക്കരുത് എന്ന അറിയിപ്പ്

പിൻവലിച്ചുകൊണ്ട് ഒരു കത്ത് നൽകണം എന്ന് നമ്മൾ ആവശ്യപ്പെട്ടപ്പോൾ, 'കത്തൊന്നും വേണ്ട, ഞാൻ പറഞ്ഞ വാക്ക് നിങ്ങൾക്ക് വിശ്വസിക്കാം' എന്നായിരുന്നു വാക്കിന് വിലയില്ലാത്ത ആളുടെ മറുപടി.

എന്നാൽ 2021 ഡിസംബർ 19 വൈകുന്നേരം LMS കോമ്പൗണ്ട് വഴി എം. എം. ചർച്ചിലേക്ക് വന്ന വാഹനങ്ങൾ ചട്ടമ്പി റവ. സജി എം. സ്റ്റുവർട്ടിന്റെ നേതൃത്വത്തിൽ തടഞ്ഞു. ഇതേത്തുടർന്ന് നമ്മുടെ സഭാംഗങ്ങൾ പ്രതിഷേധിച്ചു. ഇതിന്റെ വീഡിയോ എടുക്കാൻ ശ്രമിച്ച റവ. സജി എം. സ്റ്റുവർട്ടിന്റെ ഫോൺ പിടിച്ച് വാങ്ങാൻ അന്നത്തെ സെക്രട്ടറി തമ്പി സാം രാജ് ശ്രമിച്ചപ്പോൾ ചെറിയ സംഘർഷം ഉണ്ടായി. ഈ സമയം നമ്മുടെ സഭയിലെ ഒരു അംഗം റ്റി. റ്റി. പ്രവീണിനെ ഫോണിൽ വിളിച്ച് എം. എം. ചർച്ച് അംഗങ്ങൾക്ക് വഴി തുറക്കാൻ ആവശ്യപ്പെട്ടപ്പോൾ, 'ഞാൻ വാക്കല്ലേ പറഞ്ഞുള്ളൂ, നിങ്ങളെ അതുവഴി കടത്തി വിടും എന്ന് എഴുതി ഒന്നും തന്നിട്ടില്ലല്ലോ' എന്നായിരുന്നു അയാളിൽ നിന്നും ലഭിച്ച മറുപടി.

തുടർന്ന്, അടുത്ത ദിവസം റ്റി. റ്റി. പ്രവീൺ മഹായിടവക അഡ്മിൻ കമ്മിറ്റിയിലെ ഒരു എം. എം. ചർച്ച് അംഗത്തെ ഫോണിൽ വിളിച്ച് 'ഞാൻ നടത്തിയ പരിപാടിയിൽ നിങ്ങൾ പ്രശ്നം ഉണ്ടാക്കി, അതുകൊണ്ട് എം. എം. ചർച്ചിനെ ഞാൻ നശിപ്പിക്കും, നിങ്ങളുടെ പള്ളിയെ ഞാൻ കത്തീഡ്രൽ ആക്കും, അതിനുള്ള വഴി എനിക്ക് അറിയാം' എന്ന് ഭീഷണി മുഴക്കി. തൊട്ടടുത്ത ഞായറാഴ്ച LMS കോമ്പൗണ്ടിന്റെ മെയിൻ ഗേറ്റ് അടച്ചിടുകയും എം. എം. ചർച്ചിന്റെ പിൻ ഗേറ്റിന് കുറുകെ ചുവന്ന റിബൺ കെട്ടുകയും ചെയ്തു. ഇതിനെത്തുടർന്ന് ചില സഭാ കമ്മിറ്റി അംഗങ്ങൾ പ്രവീണിനെ വിളിച്ച് സഭയെ ബുദ്ധിമുട്ടിക്കരുത് എന്നും ഈ പ്രശ്നം അവസാനിപ്പിക്കണം എന്നും ആവശ്യപ്പെട്ടപ്പോൾ 'നിങ്ങളുടെ ചർച്ച് സെക്രട്ടറി തമ്പി സാം രാജ് ആണ് പ്രശ്നം തുടങ്ങിയത്, അയാളെ പുറത്താക്കിയാൽ ഞാൻ നിങ്ങളോട് ക്ഷമിക്കാം' എന്ന് പറഞ്ഞു. എന്നാൽ കൂട്ടത്തിൽ ഒരാളെ ഒറ്റിക്കൊടുക്കാൻ കഴിയില്ല എന്ന് സഭാ കമ്മിറ്റി അംഗങ്ങൾ നിലപാടെടുത്തു. തുടർന്ന് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ സഭയുടെ പിൻ ഗേറ്റ് നമ്മൾ അടച്ചുപൂട്ടി.

**എം. എം. ചർച്ചിനെ പിടിച്ചടക്കാനുള്ള നീക്കങ്ങൾ**

2022 ജനുവരി മാസം എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കാൻ ദക്ഷിണ കേരള മഹായിടവക നീക്കം തുടങ്ങി എന്ന് നമുക്ക് അറിവ് കിട്ടി. ഇതറിഞ്ഞ് അന്നത്തെ ബിഷപ്പ് ധർമരാജ് റസാലത്തിനെ നേരിൽ

കണ്ട് സംസാരിക്കുന്നതിന് സഭാ കമ്മിറ്റി പല തവണ ശ്രമിച്ചു എങ്കിലും അപ്പോയിന്റ്മെന്റ് ലഭിച്ചില്ല. റ്റി. റ്റി. പ്രവീണിനെ കണ്ട് സംസാരിക്കാൻ ആയിരുന്നു ബിഷപ്പിന്റെ നിർദ്ദേശം. തുടർന്ന് എം. എം. ചർച്ചിൽ നിന്ന് രണ്ട് സംഘങ്ങൾ പ്രവീണിനെ കണ്ട് സഭയെ കത്തീഡ്രൽ ആക്കരുത് എന്ന് ആവശ്യപ്പെട്ടു. 'നിങ്ങളുടെ പള്ളിയെ ഞാൻ കത്തീഡ്രൽ ആക്കും എന്ന് എന്റെ ഗ്രൂപ്പുകാരോട് ഞാൻ പറഞ്ഞു പോയി. ഇനി അത് ചെയ്തില്ലെങ്കിൽ എന്റെ അണികൾ എനിക്ക് വില തരില്ല' എന്നതായിരുന്നു രണ്ട് സംഘങ്ങളോടുമുള്ള മറുപടി.

2022 ഫെബ്രുവരി 20-ന് കൂടിയ എം. എം. ചർച്ചിന്റെ സ്പെഷ്യൽ ജനറൽ ബോഡി യോഗം പള്ളിയുടെ പേര് മാത്രം കത്തീഡ്രൽ ആക്കാം എന്ന 2009 നവംബർ 15-ന് എടുത്ത തീരുമാനം പിൻവലിച്ചു. ക്രിസ്തുവിന്റെ രണ്ടാം വരവ് വരെ എം. എം. ചർച്ച് നിലവിൽ ഉള്ളതു പോലെ തുടരണം എന്ന പ്രമേയം പാസാക്കുകയും സഭയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഒരു ആക്ഷൻ കൗൺസിലിന് രൂപം നൽകുകയും ചെയ്തു. 2022 മാർച്ച് 20-ന് കൂടിയ ജനറൽ ബോഡിയോഗവും എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കാൻ അനുവദിക്കില്ല എന്ന നിലപാടെടുത്തു.

2022 ഏപ്രിൽ 6-ന് ദക്ഷിണ കേരള മഹായിടവക ബിഷപ്പിന്റെ അഭ്യർത്ഥന പ്രകാരം എം. എം. ചർച്ചിന്റെ പേര് 'എം. എം. CSI കത്തീഡ്രൽ' എന്ന് ആക്കാൻ സിനഡ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ ഈ തീരുമാനം അവർ വളരെ രഹസ്യമാക്കി വെച്ചതിനാൽ എം. എം. ചർച്ച് അംഗങ്ങൾ ഇത് അറിഞ്ഞില്ല.

ഇന്ത്യൻ പാർലമെന്റ് പാസാക്കിയ The Religious Institutions (Prevention of Misuse) Act 1988, Places of Worship (Special Provisions) Act, 1991 എന്നീ നിയമങ്ങൾ പ്രകാരം 1947 ഓഗസ്റ്റ് 15-ന് മുൻപ് സ്ഥാപിക്കപ്പെട്ട ഒരു ആരാധനാലയങ്ങളിലും പേര് ഉൾപ്പെടെ ഒരു മാറ്റവും വരുത്തുവാൻ സാധിക്കില്ല. CSI സഭ സ്ഥാപിച്ചപ്പോൾ ഉണ്ടാക്കിയ Basis of Union പ്രകാരം, CSI-ൽ ഐക്യത്തിൽ ചേരുന്നതിന് മുൻപ് സഭകൾ പിന്തുടർന്നിരുന്ന പാരമ്പര്യം തന്നെ അവർക്ക് തുടരാൻ അവകാശമുണ്ട്. എം. എം. ചർച്ച് പിന്തുടരുന്ന കോൺഗ്രിഗേഷണൽ പാരമ്പര്യത്തിൽ 'കത്തീഡ്രൽ' എന്ന ആശയം പോലുമില്ല. ആയതിനാൽ സിനഡ് എടുത്ത തീരുമാനം രാജ്യ നിയമപ്രകാരവും സഭാ നിയമപ്രകാരവും തീർത്തും നിയമവിരുദ്ധമാണ്.

മാത്രമല്ല ഇങ്ങനെ ഒരു കാര്യം സിനഡിനോട് ആവശ്യപ്പെടാൻ 2020 മുതൽ 2024 വരെ കൂടിയ ദക്ഷിണ കേരള മഹായിടവക

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഒരിടത്തും തീരുമാനമില്ല. 2009-ൽ എടുത്ത തീരുമാനപ്രകാരം എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കുന്നു എന്നാണ് സിനഡ് മിനിറ്റ്സിൽ പറയുന്നത്. എന്നാൽ 2010-ൽ എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കേണ്ട എന്ന് മഹായിടവക എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചതും, ഇതുമായി ബന്ധപ്പെട്ട മുൻ തീരുമാനങ്ങൾ എല്ലാം റദ്ദ് ചെയ്യപ്പെട്ടതും, പുതിയ ഒരു കത്തീഡ്രൽ ആരാധന 2010 മുതൽ 2022 വരെയുള്ള 12 വർഷം പ്രവർത്തിച്ചതും, പുതിയ കത്തീഡ്രൽ പണിയുന്നതുമായി ബന്ധപ്പെട്ട് മഹായിടവക എക്സിക്യൂട്ടീവ് കമ്മിറ്റി 12 വർഷങ്ങളായി എടുത്ത തീരുമാനങ്ങളും തുടങ്ങി നിരവധി വസ്തുതകൾ ബോധപൂർവ്വം അവഗണിച്ചാണ് 2022 ഏപ്രിൽ 6-ന് സിനഡ് എം. എം. ചർച്ചിന്റെ പേര് എം. എം. CSI കത്തീഡ്രൽ ആക്കാൻ ദക്ഷിണ കേരള മഹായിടവകയ്ക്ക് അനുമതി നൽകിയത്. എന്നാൽ അപ്പോൾ പ്രവർത്തിച്ചിരുന്ന കത്തീഡ്രൽ പള്ളി പൊളിക്കുന്നതിനോ, ആ പള്ളിയിലെ അംഗങ്ങളെ എം. എം. ചർച്ചുമായി മെർജ് ചെയ്യുന്നതിനോ, എം. എം. ചർച്ചിന്റെ കുടുംബ രജിസ്റ്റർ മാറ്റുന്നതിനോ സിനഡ് തീരുമാനിച്ചിട്ടില്ല.

**ചരിത്രത്തിലെ കറുത്ത ദിനം**

2022 ഏപ്രിൽ മാസം 29-ന് രാവിലെ ഏകദേശം 6:45 മണിക്ക് റ്റി. റ്റി. പ്രവീണിന്റെ നേതൃത്വത്തിൽ ബസുകളിലും മറ്റ് വാഹനങ്ങളിലുമായി, എം. എം. ചർച്ചുമായി ഒരു ബന്ധവും ഇല്ലാത്ത അപരിചിതർ സഭാ കോമ്പൗണ്ടിൽ പ്രവേശിച്ചു. വന്നപാടെ അവർ സെക്യൂരിറ്റി ജീവനക്കാരെ മർദിച്ചു ക്യാമ്പസിന് പുറത്താക്കി. എം. എം. ചർച്ചിന്റെ പിൻഗേറ്റ് ടിപ്പർ ലോറി കൊണ്ട് ഇടിച്ച് തകർത്തു. 7:00 മണിക്കുള്ള ആരാധനയിൽ പങ്കെടുക്കുന്നതിനായി എത്തിയ സഭാ അംഗങ്ങളെ മർദിച്ചു.

മാസ്ക് വെച്ചിരുന്ന ഗുണ്ടകൾ ക്യാമ്പസിൽ പ്രവേശിച്ച് CCTV ക്യാമറകൾ എല്ലാം നശിപ്പിക്കുകയും ചർച്ച് ഓഫീസ് കുത്തിത്തുറന്ന് 1900 AD മുതലുള്ള ചരിത്ര രേഖകളും, കുടുംബ രജിസ്റ്റർ, ജനന രജിസ്റ്റർ, മരണ രജിസ്റ്റർ, വിവാഹ രജിസ്റ്റർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റെക്കോർഡുകളും ക്യാഷ് കൗണ്ടറിൽ ഉണ്ടായിരുന്ന 2,25,000 രൂപയും കൊള്ളയടിച്ച് പ്രവീണിന്റെ നിർദ്ദേശപ്രകാരം കടത്തി. സാമൂഹ്യവിരുദ്ധനായ സദേശ് കുമാർ എന്ന വ്യക്തി പള്ളിയുടെ പൂട്ട് അടിച്ചു തകർത്തു. തുടർന്ന് ധർമരാജ് റസാലം ബിഷപ്പും സംഘവും എം. എം. ചർച്ചിൽ പ്രവേശിച്ച് പള്ളിയെ കത്തീഡ്രൽ ആയി പ്രഖ്യാപിക്കുകയും പള്ളിയുടെ ബോർഡുകൾ എല്ലാം തകർത്ത് 'MM CSI Cathedral' എന്ന ബോർഡ് വയ്ക്കുകയും

നിലവിലുണ്ടായിരുന്ന സഭാകമ്മിറ്റിയെ മാറ്റി, സഭാംഗങ്ങൾ അല്ലാത്തവരെ ചേർത്ത് അഡ്മിൻ സെക്രട്ടറിയായി റോഷ്മിലൻ ഡാനിയേലിനെ നിയമിക്കുകയും ചെയ്തു.

അന്ന് രാത്രി തന്നെ, 12 വർഷം ആരാധന നടന്ന 'CSI കത്തീഡ്രൽ' പള്ളി JCB ഉപയോഗിച്ച് ഇടിച്ച് തകർത്ത് നിരത്തി പ്രവീൺ വാഴ നട്ടു.

നിയമപ്രകാരം CSIയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് CSI ട്രസ്റ്റ് അസോസിയേഷൻ (CSITA) ആണ്. സിനഡിന് ആത്മീയമായ കാര്യങ്ങൾ മാത്രം തീരുമാനിക്കാനാണ് അധികാരം. എന്നാൽ എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കാൻ CSITA തീരുമാനിച്ചിരിക്കുന്നത് 2022 മെയ് 24-ന് മാത്രമാണ്. അതായത് എം. എം. ചർച്ച് ആക്രമിച്ച് കത്തീഡ്രൽ എന്ന ബോർഡ് വെച്ചതിന് ഏകദേശം ഒരു മാസത്തിന് ശേഷം!

**കരുതിക്കൂട്ടിയുള്ള ആക്രമണങ്ങളും അപായപ്പെടുത്തലുകളും**

30-04-2022 ശനിയാഴ്ച ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എം. എം. ചർച്ചിലെ കപ്യാർമാരായ രാജീവിനെയും, അനിലിനെയും, റ്റി. റ്റി. പ്രവീൺ, റവ. സജി എം. സ്റ്റുവർട്ട്, അഖിൽ ദാസ്, വിധിൻ ആനന്ദ്, ബിജു ഇമ്മാനുവേൽ, സാലു തുടങ്ങിയവരുടെ നേതൃത്വത്തിൽ ചർച്ച് ഓഫീസിൽ പൂട്ടിയിട്ട് മർദിച്ചു.

രാജീവ് കപ്യാരുടെ ഫോൺ പിടിച്ചുവാങ്ങിയ റ്റി. റ്റി. പ്രവീൺ അന്നത്തെ എം. എം. ചർച്ച് ക്വയർ സെക്രട്ടറി ജോഷി ദാസിനെ വിളിച്ചുവരുത്തി മർദിക്കുകയും, പോലീസിൽ കള്ളക്കേസ് നൽകി അറസ്റ്റ് ചെയ്യിക്കുകയും ചെയ്തു. അദ്ദേഹത്തെ അന്വേഷിച്ചെത്തിയ ഭാര്യ യെയും സഹോദരിയെയും സെക്യൂരിറ്റി വേഷം അണിഞ്ഞ പ്രവീണിന്റെ പെൺ ഗുണ്ടകൾ മർദിച്ചു.

**പ്രവാസകാലം**

2022 മെയ് 1 ഞായറാഴ്ച പള്ളിയിൽ പോകുവാൻ എം. എം. ചർച്ച് അംഗങ്ങൾക്ക് ഭയമായി. മാത്രമല്ല സഭാ അംഗങ്ങളെ നേരിടാൻ പള്ളിക്ക് മുന്നിൽ ജല പീരങ്കി ഉൾപ്പെടെ പോലീസിന്റെ വാൻ സന്നാഹവും, പള്ളി ക്യാമ്പസിനുള്ളിൽ അക്രമപ്രവർത്തനത്തിനായി വെള്ള വേഷം ധരിച്ച തമിഴ്നാട്ടിൽ നിന്നുമുള്ള ഗുണ്ടകളും ഉണ്ടായിരുന്നു.

തുടർന്ന്, സഭാ ജനങ്ങളുടെ നിരന്തര ആവശ്യപ്രകാരം, പ്രതിസന്ധി കാലത്ത് ആരാധിക്കുവാനായി ഒരു സ്ഥലം അന്വേഷിക്കുകയും സാൽവേഷൻ ആർമിയുടെ ആദ്യകാല പള്ളിയും ഇപ്പോൾ കമ്മ്യൂണിറ്റി ഹാളുമായി പ്രവർത്തിക്കുന്ന കവടിയാർ ജോൺസൺ ഹാൾ കണ്ടെത്തുകയും ചെയ്തു. 2022 മെയ് 8 ഞായറാഴ്ച ആരാധന ആരംഭിച്ചു. 2 വർഷം

എം. എം. ചർച്ച് എന്ന സഭ ജോൺസൺ ഹാളിൽ പ്രവർത്തിച്ചു. നേതൃത്വം നൽകുന്നതിനായി റവ. ഡോ. എൽ. ഇ. സഹനം അച്ചനെ ദൈവം നമുക്ക് നൽകി. സസ്പെൻഷനിൽ ആയിരുന്ന ദക്ഷിണ കേരള മഹായിടവകയിലെ പുരോഹിതന്മാരും വിവിധ ആരാധനകളിൽ നേതൃത്വം വഹിച്ചു.

സംഘടനാ പ്രവർത്തനങ്ങൾ ഉൾപ്പെടെ സഭയുടെ എല്ലാ കാര്യങ്ങളും വളരെ ഭംഗിയായി ദൈവം നടത്തി. സാമ്പത്തികമായ കാര്യങ്ങൾക്ക് സുതാര്യത വരുത്താൻ MMCCF എന്ന സൊസൈറ്റി നമ്മൾ രജിസ്റ്റർ ചെയ്തു. എം. എം. ചർച്ച് ക്യാമ്പസ് അധർമ്മികളുടെ അധീനതയിൽ നിന്നും വീണ്ടെടുക്കുന്നതിന് തിരുവനന്തപുരം കോടതി, കേരള ഹൈക്കോടതി, ചെന്നൈ ഹൈക്കോടതി, സുപ്രീം കോടതി എന്നിവിടങ്ങളിൽ നമ്മൾ നിയമ പോരാട്ടം ആരംഭിച്ചു.

**ചെല്ലയ്യ കമ്മീഷൻ**

CSI ദക്ഷിണ കേരള മഹായിടവകയിലെ സഭകളുടെ വോട്ടർ പട്ടികയെക്കുറിച്ച് വ്യാപകമായ പരാതികൾ ലഭിച്ചതിനെത്തുടർന്ന് 2024 ഫെബ്രുവരി 10-ന് കന്യാകുമാരി ബിഷപ്പ് ആയിരുന്ന റൈറ്റ്. റവ. ഡോ.എ. ആർ. ചെല്ലയ്യയുടെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മീഷനെ CSI സിനഡ് നിയമിച്ചു. 2022 മാർച്ച് 21-ന് എം. എം. ചർച്ചിന്റെ വിഷയം ചെല്ലയ്യ കമ്മീഷൻ വിശദമായി കേൾക്കുകയും ബാങ്കിൽ മാസവരി അടച്ച രസീതുകളും സഭയുടെ മറ്റ് രേഖകളും പരിശോധിക്കുകയും ചെയ്തു.

തുടർന്ന് 2022-ൽ ജേക്കബ് അച്ചൻ പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയാണ് നിലനിൽക്കുകയെന്നും അത് പ്രകാരം 2024-ലേക്കുള്ള വോട്ടർ പട്ടിക തയ്യാറാക്കാനും ഉത്തരവിട്ടു. റവ. പ്രിൻസ്റ്റൺ ബെൻ തയ്യാറാക്കിയ വോട്ടർ പട്ടിക അസാധുവാണെന്ന് പ്രഖ്യാപിച്ച് കമ്മീഷൻ റിപ്പോർട്ട് നൽകി.

**കോടതി വിധിയും എം. എം. ചർച്ചിൽ സമാധാനവും**

2021 സെപ്റ്റംബർ 5-ന് ചെന്നൈ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് സിനഡിന്റെ ഭരണഘടനാ ഭേദഗതി റദ്ദ് ചെയ്യുകയും, തുടർന്ന് CSI മോഡറേറ്ററും ദക്ഷിണ കേരള മഹായിടവകയുടെ ബിഷപ്പുമായിരുന്ന ധർമരാജ് റസാലം സ്ഥാനഭ്രഷ്ടനാകുകയും ചെയ്തു. 2022 ഏപ്രിൽ മാസത്തിൽ ചെന്നൈ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സിനഡ് തിരഞ്ഞെടുപ്പ് തന്നെ റദ്ദ് ചെയ്യുകയും ഭരണം നിർവഹിക്കാനും തിരഞ്ഞെടുപ്പ് നടത്താനും രണ്ട് റിട്ട. ഹൈക്കോടതി ജഡ്ജിമാരെ അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കുകയും ചെയ്തു.

സിനഡ് അഡ്മിനിസ്ട്രേറ്റർമാർ ദക്ഷിണ കേരള മഹായിടവകയിലെ ബിഷപ്പ്-ഇൻ-ചാർജ് ആയി റൈറ്റ്. റവ. ഡോ. റോയ്സ് മനോജ് വിക്ടറിനെ നിയമിക്കുകയും റ്റി. റ്റി. പ്രവീണിന്റെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ പുറത്താക്കുകയും ചെയ്തു.

2024 മെയ് 24-ന് ദക്ഷിണ കേരള മഹായിടവകയിലെ ബിഷപ്പ് -ഇൻ-ചാർജ് റൈറ്റ്. റവ. ഡോ. റോയ്സ് മനോജ് വിക്ടർ നമ്മുടെ സഭയെ എം.ം എം. ചർച്ച് ആയി പ്രഖ്യാപിക്കുകയും, തുടർന്ന് CSI കത്തീഡ്രൽ സഭയുടെ നടത്തിപ്പിനായി ബാലികാമന്ദിരത്തിന് സമീപത്തെ ചാപ്പൽ തുറന്നു നൽകുകയും ചെയ്തു. റവ. ഡി. ജേക്കബ് അച്ചനെ എം. എം. ചർച്ചിന്റെ പ്രെസ്ബിറ്റർ-ഇൻ-ചാർജ് ആയി നിയമിച്ചു. തുടർന്ന് സഭയുടെ ഭരണ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട മുൻ സഭാ കമ്മിറ്റി അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയും ബിഷപ്പ്-ഇൻ-ചാർജ് നിയമിച്ചു. സഭയുടെ എല്ലാ പ്രവർത്തനങ്ങളും വളരെ സജീവമായി നടന്നു. സഭയിൽ വരുന്ന എം. എം. ചർച്ച് അംഗങ്ങളെയും, സഭാ അംഗങ്ങൾ അല്ലാത്തവരെയും ഒരു വേർതിരിവും ഇല്ലാതെ സംഘടനാ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ നമ്മൾ പങ്കെടുപ്പിച്ചു.

CSI സിനഡ് നിയമിച്ച ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം 2025 സെപ്റ്റംബർ 7-ന് 2024-27 ത്രൈവാർഷികത്തിലേക്കുള്ള എം. എം. ചർച്ചിന്റെ തിരഞ്ഞെടുപ്പ് നടന്നു.

2025 ഒക്ടോബറിൽ എം. എം. ചർച്ചിന്റെ ജനറൽ ബോഡി യോഗം കൂടുകയും നമ്മുടെ സഭ എം. എം. ചർച്ച് ആയി തന്നെ തുടരണം എന്നും 2022 ഏപ്രിൽ 6-ന് സിനഡ് എടുത്ത തീരുമാനം പിൻവലിക്കാൻ ആവശ്യപ്പെടാനും തീരുമാനിച്ചു. എം. എം. ചർച്ച് ജനറൽ ബോഡിയുടെ ആവശ്യം അറിയിച്ചതിനെ തുടർന്ന് 2025 നവംബറിൽ എം. എം. ചർച്ചിൽ നിലവിലുണ്ടായിരുന്ന സാഹചര്യം (Status Quo) തുടരാനും, എം. എം. ചർച്ചിനെ കത്തീഡ്രൽ ആക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നും, എം. എം. ചർച്ച്, എം. എം. കത്തീഡ്രൽ, CSI കത്തീഡ്രൽ എന്നിവ എന്താണെന്നും പഠിക്കുന്നതിന് ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുന്നതിനും സിനഡ് ഉത്തരവിട്ടു.

എന്നാൽ 2025 നവംബർ അവസാനം, എം. എം. ചർച്ചിൽ സേവനം അനുഷ്ഠിച്ചിരുന്ന റവ. ഡോ. ക്രിസ്പിൻ ബാജു അച്ചനെ Status Quo ഉത്തരവിന് വിരുദ്ധമായി സ്ഥലംമാറ്റി പകരം റവ. സി. ജയൻ അച്ചനെ മഹായിടവക നിയമിച്ചു. അങ്ങനെ അശാന്തിയുടെ വിത്ത് വിതച്ചു.

തുടർന്ന്, 2026 ജനുവരി 16 വരെ എം.എം.ചർച്ചിൽ ഉണ്ടായിരുന്ന സമാധാനവും ശാന്തതയും അസ്ഥിരപ്പെടുത്താൻ ആരംഭം കുറിച്ചു.

# അധർമങ്ങളുടെ 2026
# 16-ാം നൂറ്റാണ്ടിലെ ആവർത്തനം
## എം.എം. ചർച്ചിൽ മാർട്ടിൻ ലൂഥർമാർ എഴുന്നേൽക്കട്ടെ!

വളരെ പ്രതീക്ഷയോടും സമാധാനത്തോടും കൂടെയാണ് നമ്മുടെ സഭ 2026-ലേക്ക് പ്രവേശിച്ചത്. സഭാ അധ്യക്ഷനായിരുന്ന റവ. ഡി. ജേക്കബ് അച്ചന്റെ നേതൃത്വത്തിൽ പുതുവർഷ ആരാധനകൾ നടത്തപ്പെട്ടു. എല്ലാ സംഘടനകളും ജനുവരി മാസത്തിൽ തന്നെ പ്രവർത്തനം ആരംഭിക്കുകയും 2026-ലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പുകൾ നടക്കുകയും ചെയ്തു. അങ്ങനെ എല്ലാം സമാധാനമായി മുന്നോട്ട് പോകുമ്പോഴാണ്, പെൻഷൻ ആകുവാൻ വെറും മൂന്ന് മാസം ബാക്കിയുണ്ടായിരുന്ന റവ. ഡി. ജേക്കബ് അച്ചനെ മറ്റൊരു സഭയിലേക്ക് മഹായിടവക ട്രാൻസ്ഫർ ചെയ്തിട്ട്, മുൻപ് ഇരുന്ന സഭകളിലെല്ലാം പ്രശ്നങ്ങൾ മാത്രം ഉണ്ടാക്കി ദുഷ്പേരെടുത്ത റവ. സുരേഷ് കുമാറിനെ നമ്മുടെ സഭയിൽ നിയമിച്ചത്. അതുകൊണ്ടും തീർന്നില്ല, നമ്മുടെ സഭയിൽ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ട സഭാ കമ്മിറ്റി നിലനിൽക്കെ തന്നെ മറ്റൊരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. തമ്പി സാം രാജിനെ  അഡ്മിൻ സെക്രട്ടറിയാക്കി. എം. എം. ചർച്ച് അംഗങ്ങളെ മുഴുവൻ വഞ്ചിച്ച് സഭയെ തകർക്കാൻ ശ്രമിക്കുന്ന പൈശാചിക ശക്തികളോടൊപ്പം ചേരുവാൻ ഈ മനുഷ്യന് എന്ത് പാരിതോഷികം ലഭിച്ചു എന്ന് മനസ്സിലാകുന്നില്ല.

**നമ്മുടെ വോട്ടേഴ്സ് ലിസ്റ്റിന്റെ പ്രസക്തി**

2024-ൽ പ്രസിദ്ധീകരിച്ച എം. എം.ചർച്ച് വോട്ടേഴ്സ് ലിസ്റ്റ് അനുസരിച്ച് ചെല്ലയ്യ കമ്മീഷന്റെ നിർദ്ദേശവും ഇലെക്ഷൻ സർക്കുലറും അനുസരിച്ച് ബഹു. റവ. ഡി. ജേക്കബ് അവർകളുടെ അധ്യക്ഷതയിൽ എം. എം. ചർച്ചിൽ സഭാകമ്മിറ്റി തിരഞ്ഞെടുപ്പ് നടത്തി പ്രവർത്തിച്ചുപോരുകയായിരുന്നു. ആ വോട്ടേഴ്സ് ലിസ്റ്റിൽ പെടുന്ന നമ്മുടെ ഒരു സഭാംഗത്തെ മഹായിടവക കൗൺസിലിലേക്ക് മോഡറേറ്റർ നോമിനേറ്റ് ചെയ്തു. ഭരണഘടനാ പ്രകാരം സഭയിലെ വോട്ടർ പട്ടികയിൽ പേരുള്ള വ്യക്തിയെ മാത്രമേ കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യാൻ സാധിക്കൂ. ആ വ്യക്തി മഹായിടവക കൗൺസിലിലും മഹായിടവക തിരഞ്ഞെടുപ്പിലും ബിഷപ്പ് തിരഞ്ഞെടുപ്പിലും പങ്കെടുത്ത്, എല്ലാ തിരഞ്ഞെടുപ്പുകളിലും വോട്ട് രേഖപ്പെടുത്തുകയും ചെയ്തു.

സിനഡ് നിയമിച്ച ഇലക്ഷൻ ട്രൈബ്യൂണൽ എം. എം. ചർച്ചിലെ തിരഞ്ഞെടുപ്പ് അംഗീകരിച്ചു. എന്നാൽ അപ്പലെറ്റ് ട്രിബ്യൂണലിൽ മഹായിടവക ഭാരവാഹികൾ അനധികൃത സമ്മർദം ചെലുത്തി എം. എം. ചർച്ചിലെ അച്ചന്റെ പോലും ഭാഗം കേൾക്കാതെ നമുക്കെതിരെ റിപ്പോർട്ട് നൽകി. മഹായിടവക ഭരണഘടന പ്രകാരം ഒരു തിരഞ്ഞെടുപ്പ് ട്രൈബ്യൂണൽ അസാധു ആക്കിയാൽ പോലും വേറൊരു തിരഞ്ഞെടുപ്പ് നടക്കുന്നതുവരെ, തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി കാവൽ കമ്മിറ്റിയായി തുടരും. എന്നാൽ ഇതെല്ലാം അവഗണിച്ച്, മഹായിടവക എം. എം. ചർച്ചിൽ നടത്തുന്ന അനീതികൾ സംഘടിതമായ ഗൂഡാലോചനയുടെ ബാക്കിപത്രമാണ് എന്ന് നാം തിരിച്ചറിയുന്നു.

സിനഡ് നിയമിച്ച പരിശോധന സമിതിയും, നിലവിലെ സ്റ്റാറ്റസ് കോയും എം. എം. ചർച്ച്, സി എസ് ഐ കത്തീഡ്രൽ, എം. എം. കത്തീഡ്രൽ എന്ന മൂന്ന് വിഭാഗങ്ങളും നിലനിൽക്കുന്നു. എന്ത് കൊണ്ട് എം. എം. ചർച്ചിനെ എം. എം. കത്തീഡ്രൽ ആക്കാൻ സാധിക്കുന്നില്ല എന്ന് പരിശോധിക്കാൻ നിയമിച്ച സമിതി ഇന്നുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അതു സമർപ്പിക്കുന്നതുവരെ സ്റ്റാറ്റസ്കോ നിലനിൽക്കുമെന്നാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അത് മറച്ചു വച്ചിട്ടാണ് മഹായിടവക ഭാരവാഹികൾ എം. എം. ചർച്ചിന് മേൽ ഈ അക്രമങ്ങൾ അഴിച്ചുവിടുന്നത്. അതിനു അടിമകളായി കൂട്ടുനിൽക്കുന്ന നമ്മുടെ നാല് വൈദീക ജീവനക്കാരും അവരോടൊപ്പമുള്ള താല്ക്കാലിക അഡ്മിൻ സഹായികളും ഒന്നും അറിയില്ല എന്ന അഭിനയത്തിൽ തന്ത്രം മെനഞ്ഞു കൊണ്ടിരിക്കുന്നു. നമുക്ക് ജാഗ്രതയോടിരിക്കാം. ചെന്നായ്ക്കളെ നന്നായി തിരിച്ചറിഞ്ഞു പ്രവർത്തിക്കാം.

**ഫെബ്രുവരിയിലെ ഗുണ്ടാ വിളയാട്ടം**

2026 ഫെബ്രുവരി 22-ന് ആരാധന നടക്കുന്ന സമയത്ത്, പൊതുമര്യദ പാലിക്കാത്ത അഡ്മിൻ കമ്മിറ്റി അംഗം സാലുവിന്റെ നേതൃത്വത്തിൽ രണ്ടു വണ്ടി നിറച്ച് ഗുണ്ടകളെ സഭാ ക്യാമ്പസ്സിൽ കൊണ്ടുവന്നു ഭീതി പരത്തി. ഇവർ സംഘം ചേർന്ന്, ആരാധന കഴിഞ്ഞിറങ്ങിയ സ്ത്രീകൾ ഉൾപ്പടെയുള്ള വിശ്വാസികളെ തുറിച്ചുനോക്കുകയും അവരോട് മോശമായി സംസാരിക്കുകയും ചെയ്തു. തുടർന്ന് സഭാ ജനങ്ങൾ പോലീസിനെ വിളിച്ചറിയിച്ചു. പോലീസ് എത്തി ഗുണ്ടകളെ ക്യാമ്പസ്സിൽ നിന്ന് പുറത്താക്കി.

**അനീതിയുടെ ഏപ്രിൽ: ക്വയറിനെ കലക്കാൻ ശ്രമം**

2026 ഏപ്രിൽ 26 ഞായറാഴ്ച 8:30 നുള്ള ആരാധനയുടെ മദ്ധ്യേ

# ATTACK ON MM CHURCH

The brutal attack on MM Church on 29-04-2022 organized and engineered by Bishop Dharmaraj Rasalam & T. T. Praveen All church members were driven out of the Church and compound and gate closed. Fatal Damage was done to life and Property.


















The brutal attack on MM Church on 29-04-2022 organized and engineered by Bishop Dharmaraj Rasalam & T. T. Praveen









2026 മെയ് 3-ന് സഭയിൽ കൂടിയ എം. എം. ചർച്ച് പൊതുയോഗം





The gang of goondas brought by Salu on 22-02-2026 to create havoc, abuse and threaten MM Church Members during worship time on Sunday.





24-5-2026 - Social criminals and white robe cooliees vandalising in church premises, brought and triggered by abnornal Rev. R. S. Suresh Kumar and eratic Thampy Samraj before 6.00 am service on Sunday, targeting and injuring leaders of MM Church choir and our sub-organizations.








## MM Church choir practice held in rain as the church was closed












**MM Church Choir Members at Bishop's house on 16th May as the Church was not opened for Choir practice**

## MLA മാർക്ക് എം. എം. ചർച്ചിന്റെ അനുമോദനങ്ങൾ



കേരള നിയമസഭയിലേക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ സഭാ അംഗം ശ്രീ. എൻ. ശക്തന് എം.എം. ചർച്ചിന്റെ അനുമോദനം നൽകി.



എം. എം. ചർച്ച് സ്ഥിതി ചെയ്യുന്ന വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിലെ MLA ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. മുരളീധരന് സഭയുടെ അനുമോദനം നൽകി.

റവ. ആർ. എസ്. സുരേഷ് കുമാർ ഏകപക്ഷീയമായി രണ്ട് പരസ്യങ്ങൾ പറഞ്ഞു. സുഗമമായി പ്രവർത്തിച്ചുകൊണ്ടിരുന്ന എം. എം. ചർച്ചിന്റെ ഉപസംഘടനകളിൽ ഒന്നായ എം.എം. ചർച്ച് ക്വയറിനെ തച്ചുടയ്ക്കാൻ ഉന്നം വച്ച് എം. എം. ചർച്ച് അംഗം പോലുമല്ലാത്ത തന്റെ ചങ്ങാതിയെ ക്വയർ മാസ്റ്റർ ആക്കിയിരിക്കുന്നു എന്നും, കാലങ്ങളായി സഭയിൽ ശുശ്രൂഷ ചെയ്യുന്ന ക്വയറും തിരഞ്ഞെടുക്കപ്പെട്ട ക്വയർ കമ്മിറ്റിയും നിലനിൽക്കെ ഒരു സമാന്തര ക്വയറും കമ്മിറ്റിയും രുപീകരിക്കുന്നു എന്നതുമായിരുന്നു റവ. ആർ. എസ്. സുരേഷ് കുമാറിന്റെ ആദ്യത്തെ അറിയിപ്പ്.

സഭാ അംഗങ്ങൾ എല്ലാവരും 'കത്തീഡ്രൽ'-ൽ ചേരുന്നതിന് അംഗത്വത്തിനുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് നൽകണം എന്നതായിരുന്നു രണ്ടാമത്തെ വിചിത്രമായ പരസ്യം. ഒരു ജനറൽ ബോഡിയിലും പരിഗണിക്കാതെ, ഒരിടത്തും തീർപ് ആക്കാതെ, ആരാരും തീരുമാനിക്കാതെ, സ്വന്തം ആഗ്രഹങ്ങൾ നടപ്പിൽ വരുത്താൻ എടുത്ത ഒരു ശ്രമം. എം. എം. ചർച്ചിലെ അംഗങ്ങൾ എല്ലാവരും അയാളുടെ പുതിയ സംവിധാനത്തിൽ ചേരാൻ, അതായത് കത്തീഡ്രലിൽ ചേരാൻ അപേക്ഷ കൊടുക്കണമെന്ന്.

**വ്യാജപരാതിയും പോലീസ് കേസും**

ആരാധനയ്ക്ക് ശേഷം, അന്ന് സഭയിൽ പറഞ്ഞ അറിയിപ്പുകൾ ഒന്നും നടപ്പിലാക്കാൻ പാടില്ല എന്ന് അറിയിക്കാൻ വെസ്ട്രിയിൽ പോയ സഭാജനങ്ങളെ റവ. സുരേഷ് കുമാർ അക്രോശിച്ച് നേരിട്ടു. എന്നാൽ സഭാ അംഗങ്ങൾ പിരിഞ്ഞുപോകാതെ നമ്മുടെ നിലപാടുകളിലും ആവശ്യങ്ങളിലും ഉറച്ചുനിന്നു. സഭയെ വഞ്ചിച്ച് മറുപക്ഷം ചാടിയ അയാളുടെ അഡ്മിൻ സെക്രട്ടറിയും, കമ്മിറ്റിയിലെ വിവേകമില്ലാത്തവരും പോലീസിനെ വിളിച്ച് വരുത്തി. പിൻവാതിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സെക്രട്ടറി തമ്പി സാം രാജിനെ ജനങ്ങൾ ചേർന്ന് മർദിച്ച് ഷർട്ടിലെ ബട്ടൺ പൊട്ടിച്ചു എന്ന് ആരോപിച്ച് സഭയിലെ ഉപസംഘടനാ ഭാരവാഹികൾ ഉൾപ്പടെയുള്ളവർക്കെതിരെ വ്യാജ പരാതികൊടുത്ത് കേസെടുപ്പിച്ചു.

**ദുരന്തങ്ങളുടെ മെയ്: കാലുവാരികളുടെ ദുഷ്ടത**

മെറ്റീർ മെമ്മോറിയൽ സഭ ആരംഭിച്ച നാൾ മുതൽ ക്വയറിൽ പാടാൻ അംഗങ്ങളും നേതൃത്വം നൽകാൻ പ്രാവീണ്യമുള്ളവരും നമുക്കുണ്ട്. എന്നാൽ, മുൻപൊരിക്കലുമില്ലാത്ത വിധത്തിൽ പുറത്തുനിന്നുമുള്ള ചില തല്പരകക്ഷികളെ തിരുകിക്കയറ്റി ഇവിടുത്തെ പൈതൃകം

തകർക്കാനായി ഇപ്പോഴത്തെ അച്ചന്മാരും അനധികൃതമായി ചർച്ച് ഓഫീസ് കയ്യടക്കിയിരിക്കുന്ന അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയും തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. അതിനു റവ സുരേഷ് കുമാർ മുന്നിട്ടു നിൽക്കുന്നു. 2026 ജനുവരി മാസത്തിൽ ബഹു. സഭാദ്ധ്യക്ഷൻ റവ. ഡി. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തേക്കായി തിരഞ്ഞെടുക്കപ്പെട്ട ഉപസംഘടന ഭാരവാഹികളെയെല്ലാം തൽസ്ഥാനത്തുനിന്നും അന്യായമായി മാറ്റി ഇപ്പോഴുള്ളവർക്ക് ഇഷ്ടപ്പെട്ടവരെയും ആശ്രിതരെയും പ്രതിഷ്ഠിച്ച് സമ്പൂർണ നിയന്ത്രണം ഏറ്റെടുക്കാനുള്ള നീക്കമാണ് ഇതിന്റെ എല്ലാം പിന്നിൽ. സഭാജനങ്ങളുടെ കാണിക്ക കാശിൽ നിന്നും വൻതുക ശമ്പളം വാങ്ങി സൗജന്യ പാർപ്പിടത്തിൽ പാർത്തുകൊണ്ടാണ് ഇക്കൂട്ടർ ഇതെല്ലാം കാട്ടിക്കൂട്ടുന്നതെന്ന് ഇവർക്ക് ബോധ്യം വന്നാൽ നാന്നായി.

പതിവായി ശനിയാഴ്ച പള്ളിയിൽ നടത്തിയിരുന്ന ക്വയർ പ്രാക്ടീസിന് തടസമുണ്ടാക്കി, ചുമതലപ്പെട്ട അച്ചന്മാർ പള്ളിയും ഹാളുകളും അടച്ചുപൂട്ടി കൗശലത്തോടെ വീട്ടിൽ പോയിരുന്ന് സുഖിച്ചു. അവർ കപ്യാർമാരെ നിർവീര്യമാക്കി. അതിനാൽ, വെളിയിൽ പള്ളിപ്പരിസരത്ത് ക്വയർ പ്രാക്ടീസ് നടത്തേണ്ടിവന്നു. എന്നാൽ അതും മുടക്കുന്നതിനായി പോലീസിനെ വിളിച്ചുവരുത്തുക മാത്രമല്ല, ഷെഡിൽ ഇട്ടിരുന്ന പ്ലാസ്റ്റിക് കസേരകൾ എല്ലാം എടുത്തുമാറ്റി ഒളിച്ചുവെച്ചു. തുടർന്നുള്ള ആഴ്ചയിൽ മഴയത്തു നിന്ന് ക്വയർ പ്രാക്ടീസ് നടത്തേണ്ടി വന്നു. ഇതറിയിക്കാൻ ബിഷപ്പിന്റെ പാർപ്പിടത്തിൽ പോയിട്ടും അതൊന്നും ചെവിക്കൊണ്ടില്ല.

**ഇരുട്ടിന്റെ മറവിൽ വൻ ചതി**

ഏപ്രിൽ മാസത്തിൽ റവ. സുരേഷ് കുമാർ പറഞ്ഞ പരസ്യത്തിന് ശേഷവും എം. എം. ചർച്ച് ക്വയർ അംഗങ്ങൾ തന്നെ എല്ലാ ആരാധനകൾക്കും വിവാഹ ശുശ്രൂഷകൾക്കും ഗാനങ്ങൾക്ക് നേതൃത്വം നൽകി വന്നു. എന്നാൽ 2026 മെയ് 24 ഞായറാഴ്ച ഇരുട്ടിന്റെ മറവിൽ റവ. സുരേഷ് കുമാറും തമ്പി സാം രാജിന്റെ നേതൃത്വത്തിലുള്ള അഡ്മിൻ കമ്മിറ്റി അംഗങ്ങളും, ഇവർ നിയമിച്ച അധികാരക്കൊതി മൂത്ത സമാന്തര ക്വയർ സെക്രട്ടറി സുരേഷ് ദേവരാജനും ചേർന്ന് റ്റി. റ്റി. പ്രവീണിന്റെ ഒത്താശയോടെ ഒരു കൂട്ടം ഗുണ്ടകളെ പാഴ്സനേജിന് സമീപം ഒരുക്കി നിർത്തി. റവ. സുരേഷ് കുമാറും, പുറത്ത് നിന്ന് കൊണ്ടു വന്ന ഗുണ്ടാപട്ടക്കാരായ റവ. സിബിനും, റവ. രാജേഷും കുത്തിത്തിരുപ്പുകാരായ സാലുവും, സുരേഷ് ദേവരാജനും, അഭിലാഷും,

പെരുങ്കടവിള ബൈജുവും ഉൾപ്പടെ മറ്റ് ഗുണ്ടകളും ചേർന്ന് 6:00 മണിക്കുള്ള ആരാധനയ്ക്കായി വന്ന നമ്മുടെ ക്വയർ അംഗങ്ങളെ തലങ്ങും വിലങ്ങും അടിച്ചും, ഇടിച്ചും, ചവിട്ടിയും, കഴുത്തിൽ കുത്തിയും, വനിതകളെയും പെൺകുട്ടികളെയും കയ്യേറ്റം ചെയ്തും, മുറിവേൽപ്പിച്ചു. ഈ ചട്ടമ്പിസംഘം, ക്വയർ മാസ്റ്ററുടെ കാൽ മുട്ട് ചവിട്ടിയൊടിച്ചു.

ഒന്നാമൻ (റവ. സുരേഷ് കുമാർ) ഇതിനെല്ലാം നേതൃത്വം കൊടുക്കുമ്പോൾ, സർവത്തിനും പിരികയറ്റുന്ന രണ്ടാമനും (റവ. ജയൻ), മറ്റ് രണ്ട് പ്രജ്ഞയറ്റ അനിയന്മാരും അത്തിവൃക്ഷത്തിനു സമീപേ പള്ളി ഓഫീസിനടുത്ത് ഈ കലാപരംഗത്തിനു സാക്ഷികളായി 'ഒതുങ്ങി മാറി നിന്നിരുന്നു'.

ഹീനമായി ഉപദ്രവമേറ്റ് അവശരായ 7 എം. എം. ചർച്ച് അംഗങ്ങൾ ഞായർ ആരാധനയുടെ സമയത്ത് പാളയം ജൂബിലി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. അന്ന് വൈകുന്നേരം വരെയുള്ള അടിയന്തിര ചികിത്സയ്ക്ക് ശേഷം 5 പേർ സ്വന്തം ഭവനങ്ങളിലേക്ക് പോയെങ്കിലും, ഡോക്ടറെ കാണാനും മുറിവ് ഉണങ്ങുന്നതുവരെ വെച്ച് കെട്ടാനും ഡ്രസ്സ് ചെയ്യാനും ആശുപത്രിയിലും ഭവനത്തിലുമായി കുറെ ദിവസങ്ങൾ അവർക്ക് വിശ്രമിക്കേണ്ടിവന്നു. ആശുപത്രിയിൽ കിടന്ന് ചികിത്സ നേടേണ്ടിവന്നവർക്ക് ആഴ്ചകളുടെ പരിചരണം ആവശ്യമായി.

**കണ്ണിൽ ചോരയില്ലാത്ത വൈദികർ**

സ്വന്തം സഭയിൽ അംഗങ്ങളെ 24-05-2026-ന് അടിച്ചും ഇടിച്ചും അവശരാക്കിയശേഷം, അതിനൊക്കെ ഉപായം മെനഞ്ഞ നേതൃത്വം കൊടുത്ത ഈ കുപ്പായ ധാരികൾ നാലുപേരും ആ ഞായർ ദിവസത്തിലെ ആരാധാനകൾ യാതൊരു ആത്മാർഥതയുമില്ലാതെ നടത്തി. നല്ല ശമര്യാക്കാരന്റെ സംഭവത്തിലെ പുരോഹിതന്റെയും ലേവ്യന്റെയും തനിപ്പതിപ്പുകൾ. നൊന്ത് നൊന്ത് ആശുപതിയിൽ കഴിഞ്ഞവരെക്കുറിച്ച് അവർക്ക് ലവലേശം കരുതലില്ല. ഇതൊന്നും അവരുടെ ശമ്പളത്തെ ബാധിക്കില്ലല്ലോ. ആഴ്ചകൾ പിന്നിട്ടിട്ടും ഒരു നോക്ക് കാണാനോ, ഇവരുടെ ദുഃഖങ്ങൾ അന്വേഷിക്കാനോ, ഒരു ഫോൺ വിളിച്ച് തിരക്കാനോ, വേദനയിൽ പങ്ക് കൊള്ളാനോ ഇവരാരും തുനിഞ്ഞിട്ടില്ല.

വീർപ്പുമുട്ടി വിഷം തുപ്പി നടക്കുന്ന റവ. സുരേഷ് കുമാറിനോടും രണ്ടാമനായി നിന്നുകൊണ്ട് ഒന്നാമനാകാൻ ചമയുന്ന റവ. ജയനോടും ചോദിച്ചിട്ട് കാര്യമില്ല. അവർക്ക് മന്ദബുദ്ധിയുടെ അഭിനയം നന്നായറിയാം. വായ്പൊളിച്ച് പ്രസംഗം മാത്രം പറഞ്ഞു നടന്നാൽ

പോരല്ലോ; വിവരത്തോടൊപ്പം വിവേകവും വേണമല്ലോ. ഇളയ രണ്ട് പേരിൽ ഒരാളോട് ചോദിച്ചപ്പോൾ കിട്ടിയ മറുപടി : 'പരിക്കേറ്റവരെ സന്ദർശിക്കാൻ ആഗ്രഹമുണ്ടെങ്കിലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ സമ്മതിക്കുന്നില്ല' എന്നാണ്. സ്വർഗീയ നിർദേശം മറന്ന് മനുഷ്യ നിർദേശം സ്വീകരിച്ചിരിക്കുന്നവർക്ക് അയ്യോ കഷ്ടം.

പരുക്കേറ്റവരിൽ ചിലരുടെ പൂർവികരുടെ പേരിൽ ആ കുടുംബക്കാർ പണിത പാഴ്സനേജിൽ ഇപ്പോൾ സൗജന്യമായി പാർത്തുകൊണ്ട് നിഗളിക്കുന്ന ഇത്തരക്കാരായ ഇവന്മാരെ ആരെങ്കിലും സ്വന്തം വീട്ടിൽ കയറ്റുമെന്ന് ചിന്തിക്കാനാകുമോ? തിരുവചനത്തിലെ നല്ല ശമര്യാക്കാരൻ ഇവർക്ക് ബോധ്യം വരുത്തട്ടെ.

**മുഖം മൂടികൾ അഴിഞ്ഞു വീണ ജൂൺ**

ഓരോ ആരാധനയിലും വെള്ളക്കുപ്പായമിട്ട നാല് പട്ടക്കാരും നൽകുന്ന സന്ദേശങ്ങൾ കേട്ടാൽ ഇവർ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കയും ക്രിസ്തുവിനോട് ചേർന്ന് നടക്കുന്ന വിശുദ്ധന്മാരും ആണെന്ന് തോന്നിപോകും. എന്നാൽ ഇതെല്ലം ഇവരുടെ അഭിനയമായിരുന്നു. ഇക്കൂട്ടർ ധരിച്ചിരുന്ന മുഖം മൂടി ജൂൺ മാസം അഴിഞ്ഞു വീണു. കൂട്ടായ്മ ആചരിക്കാൻ ക്രിസ്തു പഠിപ്പിച്ചപ്പോൾ ഇവർ എം. എം. ചർച്ചിലെ എല്ലാ സംഘടനാ കൂട്ടായ്മകളെയും നിരോധിച്ചു.

പ്രെസ്ബിറ്റർമാരും അഡ്മിൻ. കമ്മിറ്റിയും ചേർന്ന് എല്ലാ ഉപസംഘടനകളും ഒരു മാസം മുഴുവനും (2026 ജൂൺ മാസം) അടച്ചിട്ടു. ബി.സി.എൽ., ജെ.സി.എഫ്., സൺഡേ സ്കൂൾ, യുവജന സഖ്യം, സ്ത്രീജന സഖ്യം, യങ് ഫാമിലി ഫെലോഷിപ്പ്, മെൻസ് ഫെലോഷിപ്പ്, സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്, ഗോസ്പൽ ബാൻഡ് എന്നിവയ്ക്ക് പ്രവർത്തിക്കാൻ സാധിച്ചതേയില്ല. പ്രവർത്തനങ്ങളെ തടഞ്ഞു. അത് നടന്നിരുന്ന സമയങ്ങളിൽ പള്ളിയും ഹാളുകളും പൂട്ടിയിട്ടു. തുറക്കാൻ കപ്യാർമാരെ അനുവദിച്ചില്ല. ഇങ്ങനെ സഭയിലെ പ്രായമുള്ള മാതാപിതാക്കൾ തുടങ്ങി കൊച്ചു പൈതങ്ങൾക്ക് വരെ കൂട്ടായ്മക്കുള്ള അവസരം നിഷേധിക്കുക എന്ന പൈശാചികമായ പ്രവർത്തി ഇവർ അഹങ്കാരത്തോടെ ചെയ്തു.

നാം ഒരു കാര്യം വിസ്മരിക്കരുത്. പൂർണമാസ ശമ്പളവും, പ്രീണിപ്പിച്ച് ജനങ്ങളുടെ സ്നേഹോപഹാരങ്ങളും കൈക്കലാക്കുന്ന ഇവർ ആ ഒരു മാസം ആഴ്ചയിൽ കേവലം 10 മണിക്കൂർ പോലും ജോലി ചെയ്തില്ല. ഇവർ ദൈവത്തോട് കണക്ക് പറയട്ടെ. നമ്മുടെ യുവാക്കൾ പ്രത്യേകിച്ചും പ്രൊഫെഷനലുകൾ ദിവസേന 10-ലധികം

മണിക്കൂറുകൾ ജോലിയിൽ വ്യാപൃതരാകുമ്പോൾ ആണ് ഈ വർഗക്കാർ ഇങ്ങനെ ആസ്വദിക്കുന്നത്.

സഭാജനങ്ങളുടെ ഒന്നടങ്കമുള്ള പ്രാർഥനയുടെ ഫലമായി, ഇവരിൽ വ്യാപരിക്കുന്ന ഭൂതങ്ങൾ പുറത്തായി. വീണ്ടും മാസാവസാനം ദൈവ കൃപയാൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ഇനിയും ഈ ശ്ചിത്തഭ്രമം ഇവരെ ബാധിക്കാതിരിക്കട്ടെ.

**സഭയുടെ കൂട്ടായ്മയെ തകർത്തവർ**

പള്ളി ആരാധന കഴിഞ്ഞു പുറത്തു വരുമ്പോൾ രണ്ട് വശങ്ങളിലും സഭാംഗങ്ങൾക്കായി ചായ വെച്ചിരുന്നു. ഇപ്പോൾ അതും ഇല്ല. ചായ കുടിയും സംഭാഷണവും കൂട്ടായ്മയും ഒന്നും വേണ്ട എന്നാണോ സഭയുടെ ഇപ്പോഴത്തെ അഡ്മിൻ ചുമതലക്കാരുടെ തീരുമാനം? ഇപ്പോൾ സന്മനസ്സുള്ള സഭാജനങ്ങൾ കുറെ ചായ വാങ്ങിക്കൊടുക്കുന്നു. എം. എം. ചർച്ച് എന്താണെന്ന് ലവലേശം അറിഞ്ഞുകൂടാത്തവരുടെ ഒരു തട്ടിക്കൂട്ടാണല്ലോ ഇക്കൂട്ടർ. ഇതിനപ്പുറം ഒന്നും പ്രതീക്ഷിക്കാനില്ല.

**രണ്ടാമന്റെ (റവ. ജയന്റെ) ലീലാവിലാസം**

ചെരുപ്പ് ഉപയോഗിക്കുന്നതിനു വിരോധിയാണ് ഈ രണ്ടാമൻ. വീട്ടിൽ നിന്നും പള്ളി വെസ്ട്രിയ്ക്ക് അകത്ത് വരെ കാലിൽ ചെരുപ്പ്. അവിടെ ഊരിയിട്ടിട്ട് പള്ളിയ്ക്കകത്ത് കയറും. പള്ളിയിൽ ചെരിപ്പ് ഇടരുതെന്നാണ് ഇയാളുടെ പരസ്യം. എന്നാൽ ഇയാൾ ചെയ്യുന്നതു പോലെ വെസ്ട്രിയിൽ ചെരുപ്പ് ഇടാമോ? വെസ്ട്രിയും പള്ളിയിൽ പെട്ടതാണെന്ന് ഇയാൾ മറന്നുപോയി. ഇതിന് ഇയാൾ പരസ്യ മാപ്പ് പറയണം. കാപട്യം പാടില്ല.

ഒന്നാമനെക്കാളും അധികാരം തനിക്കാണ് എന്ന് പലപ്പോഴും കാണിക്കാൻ ഇദ്ദേഹം ശ്രമിക്കുന്നു. അടുത്ത വർഷം ഒന്നാമന്റെ കസേരയിൽ കയറാനുള്ള തീരാശ്രമം ഇയാൾ നടത്തിവരുന്നു. ഒന്നാമൻ ആരാധനയിൽ ഉണ്ടെങ്കിലും രണ്ടാമൻ പരസ്യം വായിക്കുന്നു. താൻ നടത്തിയ ഒരു വിവാഹത്തിൽ ആഡ് കമ്മിറ്റിയിലെ ജിക്സൺ ആരാധനയിൽ പങ്കെടുക്കാതെ വിവാഹ ആധാരത്തിൽ സാക്ഷിയുടെ സ്ഥലത്ത് നേരത്തെ ഒപ്പിട്ട് വെച്ചിട്ട് മുങ്ങിക്കളഞ്ഞ ക്രിമിനൽ കുറ്റത്തെ ഇയാൾ ന്യായീകരിക്കുന്നു.

മകളുടെ വിവാഹാനന്തരം ഒരു കുടുംബം നമ്മുടെ ഒരു ആരാധനയിൽ സ്തോത്രകാഴ്ച സമർപ്പിച്ചു. ആരാധനയിൽ, രണ്ടാമനാണ് കാണിക്കയ്ക്കുവേണ്ടി പ്രാർഥിച്ചത്. ആരാധന കഴിഞ്ഞ ഉടനെ

കാണിക്ക വച്ച കുടുംബനാഥയോട് ഈ മനുഷ്യൻ അന്യായമായി കാപട്യം സംസാരിച്ചു. 'ഈ കവറിൽ രൂപ ഒന്നും വച്ചില്ല അല്ലേ ? ഞാൻ തൊട്ട് നോക്കിയപ്പോൾ അകത്ത് പൈസ ഉള്ളതായി തോന്നിയില്ല, ഇത് നിങ്ങൾക്ക് ശാപമാണ്' എന്ന് ഇയാൾ പറഞ്ഞു. ഇങ്ങനെ പെരുമാറുന്നത് ഒരു ദൈവവേലക്കാരനോ? ശപിക്കാൻ ഇയാളെ ആരാണ് ചുമതലപ്പെടുത്തിയത്. ഇത് ഒരു സഭയാണെന്ന് അയാൾ മറന്നുപോയി.

കുടുംബക്കാർ രണ്ടാമനെ വിട്ടില്ല. അയാളെ കയ്യോടെ പിടിച്ചു കാണിക്ക എണ്ണുന്ന സ്ഥലത്തു കൊണ്ടുപോയി കവർ തുറപ്പിച്ചപ്പോൾ, അതിൽ 1,000 രൂപയുണ്ടായിരുന്നു. കുടുംബക്കാർ അയാളെ പൊതുവേദിയിൽ തൊഴിക്കാത്തത് ഭാഗ്യം. ഇയാളൊരു ദ്രവ്യാഗ്രഹിയാണ്. മെൻസ് ഫെല്ലോഷിപ്പിലും, സ്ത്രീജന സഖ്യത്തിലും, സീനിയർ സിറ്റിസൺസിലും ഒക്കെ പോയി വീമ്പ് ഇളക്കും. പ്രസംഗമല്ല, സ്വയപരസ്യം. ഞാൻ അത് ചെയ്തു, ഇത് ചെയ്തു എന്നൊക്ക വിളമ്പും. ശരിയായി ഈ പണിക്ക് വിളിക്കപ്പെട്ടവനാണെങ്കിൽ ഇങ്ങനെയൊന്നും പ്രവർത്തിക്കില്ല. ആ കുടുംബക്കാർ എം. എം. ചർച്ചിലെ പഴയ അംഗങ്ങളും ക്ഷമയുള്ളവരും ആയതിനാൽ ഇയാൾ ഇപ്പോഴും വിലസി നടക്കുന്നു. ഇക്കാര്യം ഇയാളുടെ ഗ്രൂപ്പ് നേതാക്കന്മാരെയും കുടുംബക്കാർ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ അധികനാൾ പോകില്ല. പിടിവീഴും എന്ന് ഓർത്തോളൂ.

**ലക്കും ലഗാനുമില്ലാത്ത അഡ്മിൻ. സെക്രട്ടറി**

മാന്യനെന്ന് തോന്നിച്ചിരുന്ന തമ്പി സാം രാജ് ഒരു അവശനെപ്പോലെ ഇപ്പോൾ പെരുമാറുന്നു. ഒന്നിനും ശേഷിയില്ലാത്ത പ്രകൃതം. ഒരു മാസക്കാലം എല്ലാ പ്രവർത്തനങ്ങളും സഭയിൽ നിശ്ചലമായപ്പോഴും ഒരു ഉളുപ്പും ഇല്ലാതെ ആരാധനയിൽ വിശ്വാസികളുടെ മുന്നിൽ കാണിക്ക സഞ്ചി നീട്ടുന്നു. ഇയാൾക്ക് നാണം ഇല്ലാതെപോയല്ലോ? പള്ളിയിൽ അനധികൃത പരസ്യത്തിന്മേൽ പ്രതിഷേധം ഉണ്ടായ ദിവസം ഉച്ചയ്ക്ക് 3 മണിയ്ക്ക് മദ്യപിച്ച് നിൽക്കുന്ന ഒരു മനുഷ്യനെപ്പോലെ ഷർട്ടിന്റെ ബട്ടനുമൊക്ക ഊരിയിട്ട് കിറുങ്ങി നിൽക്കുന്ന ചിത്രങ്ങൾ വാട്സാപ്പിൽ എല്ലാവരും ശ്രദ്ധിച്ചുകാണും. വീട്ടുകാർ ഇതൊക്ക ശ്രദ്ധിക്കട്ടെ. തിരുത്തൽ അവിടെ ആരംഭിക്കട്ടെ.

**29-04-2022-ലെ അനിഷ്ട സംഭങ്ങളുടെ വഞ്ചിയൂർ കോടതി വിധി**

4 വർഷങ്ങൾക്ക് മുൻപ് നമ്മുടെ എം.എം. സഭയുടെ മതിൽ ജെ സി ബി ഉപയോഗിച്ച് ഇടിച്ച് മറിച്ച്, വാതിലുകളിൽ പൂട്ടുകൾ അടിച്ച് പൊട്ടിച്ച്, സഭ ഓഫീസ് സാമഗ്രികളും, മിനിറ്റ് ബുക്കുകളും, അംഗത്വ

രജിസ്റ്ററുകളും അപഹരിച്ച്, സേഫിലുണ്ടായിരുന്ന 2,25,000 രൂപയും, സ്ഥിരനിക്ഷേപ രസീതുകളും മോഷ്ടിച്ച്, സിസി ടി വി സംവിധാനങ്ങൾ എല്ലാം പറിച്ച് മാറ്റി, ജീവനക്കാരെ തല്ലിച്ചതച്ച്, മിഷനറിമാരുടെ കാലം തുടങ്ങിയുള്ള വിലപിടിപ്പുള്ള പാത്രങ്ങളും രേഖകളും കത്തിട പാടുകളും എല്ലാം കടത്തിയ അന്നത്തെ ധർമരാജ് ബിഷപ്പും അഡ്മിൻ സെക്രട്ടറി പ്രവീണും ദുഷ്ടകൂട്ടുകെട്ടുകളും ഭ്രാന്താടിയപ്പോൾ അതിനു കൂട്ടുനിന്ന പോലീസ് ഒരു കേസ് പോലും രജിസ്റ്റർ ചെയ്തില്ല. ഇക്കഴിഞ്ഞ നാളത്രയും കോടതി വ്യവഹാരം നടത്തി ഇപ്പോൾ എഫ്.ഐ.ആർ. എടുക്കാൻ കോടതി വിധിച്ചിരിക്കുകയാണ്. ഇതിന്റെ നിർദ്ദേശം പോലീസിന് നല്കപ്പെട്ടപ്പോൾ, അസാന്മാർഗീകനായ ധർമരാജ് റസാലം, എല്ലാം സ്വന്തം ലാഭത്തിനായി കീഴടക്കാൻ പ്രവർത്തിക്കുന്ന പ്രവീൺ തുടങ്ങിയവരെ ചേർത്ത് 16 പേർക്കെതിരെ 20-06-2026-ന് എഫ്.ഐ.ആർ. (880/2026) എടുത്തിരിക്കുന്നു. തുടർന്നുള്ള നിയമ പോരാട്ടത്തിൽ, കുറ്റവാളികൾ ശിക്ഷിക്കപ്പെടേണ്ടതിനും, അപഹരിക്കപ്പെട്ട സകല സാമഗ്രികളും എം.എം. ചർച്ചിന് മടക്കി ലഭിക്കേണ്ടതിനും പ്രാർഥിക്കുവിൻ.

**ബിഷപ്പ് റൈറ്റ്. റവ. പ്രിൻസ്റ്റൻ ബെന്നിന്റെ അധ്യക്ഷതയിൽ എം. എം. ചർച്ച്/മഹായിടവക ചർച്ച**

എം.എം.ചർച്ച് അംഗങ്ങൾ 2026-ൽ അഞ്ച് പ്രാവശ്യം ബിഷപ്പിനെ കണ്ടു. മുൻപ് രണ്ട് വർഷത്തോളം കൊറോണ കാലഘട്ടത്തിൽ നമ്മുടെ സഭയിൽ പ്രവർത്തിക്കവേ, എം.എം. ചർച്ച് അംഗങ്ങളായ സഭാജനങ്ങളെ വളരെയധികം പീഡിപ്പിച്ച വ്യക്തിയാണ് ഇപ്പോഴത്തെ ബിഷപ്പ്. 600 പേരെ മാത്രം ഉൾക്കൊള്ളിച്ച്, തനിക്ക് പിടിച്ചവരെ ചേർത്ത് പുതിയ സഭാ രജിസ്റ്റർ എഴുതി ഉണ്ടാക്കി. ആരെങ്കിലും മരണപ്പെട്ടാൽ, വിരഹ ദുഃഖത്തിൽ ഇരിക്കുന്ന കുടുംബാംഗങ്ങൾ നോൺ-ജുഡീഷ്യൽ മുദ്രപത്രത്തിൽ അഫിഡവിറ്റ് എഴുതി ഒപ്പിട്ടു കൊടുക്കണം എന്ന് അനുശാസിച്ചു. ‘എം.എം. കത്തീഡ്രലിനെ അംഗീകരിക്കുന്നു, അതിൽ ചേർത്തിരിക്കുന്നു’ തുടങ്ങിയവയാണ് അതിലെ ഉള്ളടക്കം. മുദ്രപ്പത്രത്തിന് വളരെ ക്ഷാമം നേരിട്ടിരുന്ന ആ സമയത്ത്, അത് വാങ്ങാൻ രണ്ടും നാലും മണിക്കൂർ നെട്ടോട്ടം ഓടിച്ചിട്ടാണ് പല സഭാ അംഗങ്ങളുടെയും അടക്കം നടത്തിയത്. അതുകൊണ്ട് വലിയ പ്രതീക്ഷ ഒന്നും വയ്ക്കാതെയാണ് എം. എം. ചർച്ച് പ്രതിനിധികൾ ചർച്ചയ്ക്ക് പോയത്. ബിഷപ്പിന്റെ വാക്കുകൾ ഇങ്ങനെ ആയിരുന്നു: ‘ഞാൻ അനുശാസിക്കുന്നതെല്ലാം അനുവർത്തിച്ചില്ലെങ്കിൽ, ഇനി എം. എം. ചർച്ചിൽ ഒരു രക്തച്ചൊരിച്ചിൽ ഉണ്ടായാൽ

ഞാൻ ഉത്തരവാദിയല്ല; നിങ്ങളും നിങ്ങളുടെ മക്കളും അത് അനുഭവിക്കും' എന്ന് പറഞ്ഞു കൊണ്ട് പീലാത്തോസ് കൈ കഴുകി ഒഴിഞ്ഞതുപോലെ നമ്മുടെ പ്രതിനിധികളുടെ മുന്നിൽ തന്റെ രണ്ട് കൈകളും കൂട്ടിക്കഴുകി കാണിച്ചു. ഇതാണോ ഒരു സഭയുടെ ഇടയനിൽ നിന്ന് പ്രതീക്ഷിക്കുന്നത്? അതെല്ലാം നാം സഹിച്ചു. സഹിഷ്ണതയുടെ പുതിയ പാഠങ്ങൾ നാം സ്വീകരിച്ചു.

അവിടം കൊണ്ട് കഴിഞ്ഞില്ല. ഇതൊരു ശനിയാഴ്ച. പിറ്റേ ദിവസം ഞായർ ആണ് എല്ലാം കരുതിക്കൂട്ടി നിശ്ചയിച്ച് ക്രൂരൻ ഒന്നാമൻ റവ. സുരേഷ്കുമാറും അവിവേകി അഡ്മിൻ സെക്രട്ടറി തമ്പി സാം രാജും നേതൃത്വം കൊടുത്ത അക്രമവും രക്തച്ചൊരിച്ചിലും സഭയിൽ നടന്നത്. ഇക്കാര്യങ്ങൾ എല്ലാം ഒരു ഒത്തുകളിയാണ് എന്ന് ഈ സംഭവങ്ങളെല്ലാം തെളിയിക്കുന്നു.

പല കോടതികളിലായി എം. എം. ചർച്ച് അംഗങ്ങൾ നൽകിയിരിക്കുന്ന കേസുകൾ മഹായിടവക ബിഷപ്പിനും ഭാരവാഹികൾക്കും നന്നായറിയാം. 10 വർഷത്തെ കമ്യൂണിസ്റ്റുകാരുടെ ചുവപ്പ് ഭരണത്തിനു ശേഷം കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ, മഹായിടവക കൃത്രിമികളുടെ പിടിയെല്ലാം അയഞ്ഞു. മഹായിടവക സ്ഥാപനങ്ങളിൽ നിന്നും കട്ടെടുത്തു കൂട്ടിയ പണത്തിന്മേലുള്ള രാഷ്ട്രീയ സ്വാധീനം മങ്ങിപ്പോയി. എപ്പോൾ വേണമെങ്കിലും കോടതി ഉണർന്ന് പ്രവർത്തിക്കുമെന്ന് ഉറപ്പായപ്പോൾ, എം. എം. ചർച്ചിന്മേൽ ചെയ്തുകൂട്ടിയ ക്രൂരതകൾക്ക് തക്കതായ തിരിച്ചടി ഉണ്ടാകുമെന്ന് മനസ്സിലായപ്പോൾ, എം. എം. ചർച്ച് പ്രതിനിധികളെ വിളിച്ചു വരുത്തി ചർച്ചകൾ നടത്താൻ അവർ പ്രേരിതരായി.

2026 മെയ് 29-ന് ബിഷപ്പിനെ കണ്ടു നമ്മുടെ ആവശ്യങ്ങൾ അറിയിക്കാൻ പോയപ്പോൾ, നമ്മെ മുൻകൂട്ടി അറിയിക്കാതെ, ബിഷപ്പ് ഓഫീസിൽ ഒരു മധ്യസ്ഥ ചർച്ച എന്ന് തോന്നിക്കുന്ന കപട അന്തരീക്ഷം ഒരുക്കി. അവിടെ നടന്നതൊന്നും മര്യാദയ്ക്കുള്ള ചർച്ചയല്ല. അവരുടെ ആഗ്രഹങ്ങൾ അടിച്ചേൽപ്പിക്കാൻ ഭീഷണികൾ മുഴക്കി, വിരട്ടുഭാഷയിറക്കി, കുറേയൊക്കെ എഴുതിവച്ച് ഒപ്പിട്ട് വാങ്ങാനുള്ള ശ്രമം നടത്തി. എന്ത് തന്നെ എഴുതിവച്ചാലും ഇതെല്ലാം എം. എം. ചർച്ചിന്റെ ജനറൽ ബോഡി കൂടി ചർച്ച ചെയ്തു തീരുമാനമായാലേ ഇതൊക്ക നടപ്പിൽ വരൂ എന്ന് ശക്തമായി പറഞ്ഞിട്ട് അതുകൂടി എഴുതിയിട്ടാണ് എം. എം. ചർച്ച് അംഗങ്ങൾ ഒപ്പിട്ടത്. അതോടുകൂടി പ്രശ്നം എല്ലാം പരിഹരിക്കപ്പെട്ടു എന്നും

മഹായിടവകയുടെ കത്തീഡ്രൽ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു എന്നും മഹായിടവക ദുഷ്ട ലക്ഷ്യത്തോടുകൂടി വ്യാപകമായി പ്രചരിപ്പിക്കുന്നത് തികച്ചും കളവാണ് എന്ന് നാം അറിഞ്ഞിരിക്കണം. ആരംഭം മുതലുള്ള നമ്മുടെ നിലപാടിന് യാതൊരു മാറ്റവുമില്ല. ഇതിന്മേലുള്ള എന്ത് കാര്യവും എം.എം. ചർച്ചിന്റെ ജനറൽ ബോഡി പരിഗണിച്ചിട്ടേ തീരുമാനമാകൂ.

എം.എം. ചർച്ചിനെതിരെ അഴിച്ചുവിട്ട എല്ലാ ആക്രമണങ്ങളെയും പരാമർശിച്ചുകൊണ്ട് ഈ ചർച്ചായോഗത്തിൽ മഹായിടവക സെക്രട്ടറി പ്രവീണിന്റെ വീമ്പിളക്കു കൂടെ കേൾക്കണം. ഞാൻ തന്നെയാണ് ഇതിന്റെ പിന്നിൽ. റവ. സിബിനോട് തുടങ്ങി വയ്ക്കാൻ പറഞ്ഞതാണ്. ഞാൻ ഇനിയും ചെയ്യും'. ഇത്തരം മല്ലൻ ചമഞ്ഞാലും ഗോലിയാത്തിന്റെ അന്ത്യം ഇയാൾ മറക്കാതിരിക്കട്ടെ. ദാവീദിന്റെ കല്ലും കവണയും മതി ഇവനൊക്കെ എന്നെന്നേക്കുമായി വീഴാൻ. ദൈവത്തിന്റെ ന്യായവിധി ഉണ്ടെന്ന് ഓർത്തോളൂ.

**എം. എം ചർച്ച് / മഹായിടവക ചർച്ചയുടെ അറിയിപ്പിന്മേലുള്ള തിരിമറി**

എം എം ചർച്ച് പ്രനിധികളും മഹായിടവക ചുമതലക്കാരും ചർച്ച ചെയ്ത്, നിബന്ധനകളോടെ നാം ഒപ്പിട്ട കാര്യങ്ങൾ മഹായിടവക വൈസ്. ചെയർമാൻ നമ്മുടെ സഭയിൽ വന്നു വായിച്ചതോർക്കുമല്ലോ. അന്ന് കുറെ കാര്യങ്ങൾ മനഃപൂർവ്വം ഒഴിവാക്കി വായിച്ച് പോകാൻ ശ്രമിച്ചപ്പോൾ, നമ്മുടെ അംഗങ്ങൾ നന്നായി പ്രതികരിച്ചു. കളവായി, ഭാഗീകമായി വായിച്ചാൽ പോരാ. നമ്മുടെ പ്രതിനിധികളുടെ ഒപ്പോടു കൂടെ ചേർത്തിരിക്കുന്ന നിബന്ധനകൾ വായിക്കാൻ ആവശ്യപ്പെട്ടു.

'ഇതെല്ലം എം. എം. ചർച്ച് ജനറൽ ബോഡിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചാൽ മാത്രമേ നടപ്പിൽ വരൂ' എന്ന ഭാഗം വായിക്കാൻ വിസമ്മതിച്ചെങ്കിലും നമ്മുടെ അംഗങ്ങളുടെ സമ്മർദ്ദത്താൽ മുഴുവനും വായിക്കേണ്ടിവന്നു. അങ്ങനെ സഭാ ജനങ്ങൾ സത്യാവസ്ഥ നന്നായി മനസ്സിലാക്കി.

**ആരാധനയിലും കൂട്ടായ്മയിലും വിള്ളലുകൾ**

ഞായർ ആരാധനയിൽ പിറന്നാൾ വിളിച്ച് ചൊല്ലി പ്രാർഥിക്കുന്ന പതിവ് ഇപ്പോൾ നിർത്തിയിരിക്കുന്നു. പിറന്നാൾ ദിവസം സഭാശുശ്രൂഷകർ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർഥിക്കുന്ന പതിവും ഇല്ല. ആഴ്ചയിൽ നാലിന് പകരം സർക്കിൾ പ്രാർത്ഥനയും ഇപ്പോൾ ആഴ്ചയിൽ കേവലം ഒന്ന് മാത്രം. പിന്നെ എന്താണാവോ ഇവർ ഇപ്പോൾ ചെയ്തു വരുന്നത്?

# ഇപ്പോൾ എം. എം. ചർച്ചിൽ നടക്കുന്ന ക്രൂരമായ ക്രമക്കേടുകളുടെ ഒരു പട്ടിക

1. ഞായർ മലയാളം ആരാധനയിൽ നാല് പട്ടക്കാരും ആത്മാർത്ഥതയില്ലാതെ മത്സരത്തിൽ പങ്കെടുക്കുന്ന പ്രവണത. ഒരാളെക്കൊണ്ട് ആരാധന നടത്താനാവുന്നതിന് പകരം നാലുപേരും ഒത്തു കളിക്കുന്നു. സിറ്റിമിഷൻ സെന്ററുകളിലെ തിരുവത്താഴ ആരാധനയും നടത്തുന്നില്ല.

2. 12-07-2026-ൽ മിഷൻ ഞായർ പ്രസംഗത്തിന് വന്ന റവ. ഡോ. സി. ആർ. വിൻസന്റിനെ പരിചയപ്പെടുത്തിയ ഒന്നാമനും രണ്ടാമനും, മിഷൻ ഡയറക്ടർ എം. എം. ചർച്ചിലെ ഒരു മുൻ പട്ടക്കാരൻ എന്നുപോലും പറയാൻ കൂട്ടാക്കിയില്ല. അസൂയ മൂത്ത വർഗ്ഗങ്ങൾ.

3. 12-7-2026-ന് അനുമോദനം ഏറ്റുവാങ്ങിയ രണ്ടാമൻ റവ. സി. ജയൻ മിഷൻ പ്രവർത്തനത്തിന്മേൽ ഡോക്ടറേറ്റ് കിട്ടി എന്നാണല്ലോ അറിയിച്ചത്. ദൂരെ അങ്ങ് അകലെ ഒന്നും പോകേണ്ട. ഇവിടെ എന്തെങ്കിലും ചെയ്യാൻ എം. എം. ചർച്ച് ഇയാളെ ഏൽപ്പിക്കണം. എല്ലാ ഞായറും ഇവിടെ നേതാവ് ചമയാതെ പൂർണ സമയ സിറ്റി മിഷൻ പ്രവർത്തകനായി ചുമതല ഏൽപ്പിക്കണം. അപ്പോൾ അറിയാം. 2026 ഡിസംബറിന് മുൻപ് ഒരു അക്രൈസ്തവനോടെങ്കിലും നേരിട്ട് സുവിശേഷം പറഞ്ഞ് ക്രിസ്തുമാർഗത്തിൽ കൊണ്ടുവരട്ടെ.

4. സഭാ ജനങ്ങളുടെ പ്രയോജനത്തിനുള്ള പള്ളി ഓഫീസ് ഇപ്പോൾ ഞായർ ദിവസങ്ങളിൽ പ്രവർത്തിപ്പിക്കാതിരിക്കാൻ ഇപ്പോഴത്തെ ക്രമംകെട്ട ആഡ്. സെക്രട്ടറിക്കും, എം. എം. ചർച്ചുമായി പുലബന്ധം പോലുമില്ലാത്ത ആഡ്. കമ്മിറ്റി അംഗങ്ങൾക്കും എന്താണ് ഗുരുതര രോഗം? സഭയിലെ അംഗങ്ങൾ അവരുടെ ആവശ്യങ്ങൾ വേണമെങ്കിൽ മറ്റ് ദിവസങ്ങളിൽ വന്ന് നേടിക്കൊള്ളട്ടെ എന്നാണ് ഇവന്റെയൊക്കെ അലക്ഷ്യ മനോഭാവം.

5. സുവിശേഷം വായിക്കുന്ന മലയാളം പട്ടക്കാർ ഒന്നും രണ്ടും നാലും, എപ്പോഴും, വേദപുസ്തകത്തിലില്ലാത്ത പ്രയോഗങ്ങൾ പറഞ്ഞ് വിശ്വാസികളെ തെറ്റിക്കുന്നു. **'വിശുദ്ധ സുവിശേഷം'** എന്ന് പറഞ്ഞാണ് സുവിശേഷഭാഗം വായിക്കുന്നത്. ബൈബിൾ താളുകളിൽ ഇല്ലാത്ത പ്രയോഗങ്ങൾ. ഉള്ളിൽ വിശുദ്ധി ഇല്ലാത്തതിനാൽ, ഇങ്ങനെ, 'വിശുദ്ധ' കൂട്ടിച്ചേർക്കുന്നു. ഹാ കഷ്ടം.

6. രണ്ടാമൻ റവ. ജയന് കർത്താവിന്റെ പ്രാർത്ഥന ചൊവ്വേ പറയാൻ

പോലും അറിഞ്ഞുകൂടാ. മത്തായി 6:12–ൽ, 'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' എന്നാണ്. **എന്നാൽ, 'ഞങ്ങൾ ക്ഷമിക്കുന്നതുപോലെ', 'ഞങ്ങളുടെ പാപകടം' എന്നൊക്കെ സ്വന്തമായി കൂട്ടിച്ചേർക്കുന്നു.** ഇത് തിരുത്തണം കേട്ടോ.

ഇതെല്ലാം ദൈവം കാണുന്നു എന്ന് ഓർത്തോളൂ. കണക്ക് ചോദിക്കും, മറക്കരുത്.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No. 391 | **Dr. Moses Sathyadas Rasalam**<br>Victoria, Australia<br>Died on 17-06-2026 |  |
| Family No. 1469 | **Dr. Yageen Thomas**<br>Medayam, H No. - E15,<br>Devaswam Lane, Kesavadasapuram<br>Trivandrum 695004<br>Died on 22-06-2026 |  |
| Family No. 606 | **Lilly Hudson**<br>TC 2/3248, Rohini Compound,<br>Pattom, Trivandrum 695004<br>Died on 28-06-2026 |  |
| Family No. 762 | **Dr. Sobhi Sundaram**<br>Thillery Compound, NNRA-98,<br>Nalanda, Nanthencode, Trivandrum<br>Died on 08-07-2026 |  |

*"Blessed are the dead who die in the Lord from henceforth, 'Blessed indeed, says the spirit' that they may rest from their labours, for their deeds follow them! (Rev. 14:13)*

# CROSSWORD PUZZLE - 26



Compiled by
**Premchand Johnson**

Nb: Questions are from both general knowledge and the Bible. Please whatsapp your answers to 9447018118 before 30th of every month.

**Down**

1. Number of vibrations per sec(9)
2. Baby whale(4)
3. A massive electrostatic discharge(9)
4. Acceptable as a ______point(5)
9. An ape from Sumatra with colored hair(9)
10. Northern lights(6))
11. One who plays the harp (7)
12. Cries of a calf,lamb or goat(6)
15. Farmyard structure for pigs(3)
16. 2 Chron 29:12 son of Joah(4)
17. Taiwan capital(6)

**Across**

5. Type of energy stored in fossil fuels (8)
6. In physics a point where a lever is fixed to move an object(7)
7. Jericho conquerer(6)
8. Small beautiful collectibles in cabinets(6)
10. I commend you to god - Spanish goodbye(5)
13. Bakers prep for making bread(5)
14. Able to move with ease,flexible(5)
15. ____ book : Third John(8)
18. Prov 29:23 "....but the humble ___,____will retain honour(2,6)
19. Another name for British Pound(8)

**Answers to Crossword 25:** 1) CRUSTACEANS 2) BEAR 3) THIRTEEN 4) SERUG 5) FAUNA 6) FIBULA 7) CREATION 8) LAMB 9) NEURO 10) JAVELIN 11) EUROS 12) IDK 13) HYDROELECTRIC 14) LIDAR 15) PARASITE 16) SPAM 17) ANGELS 18) ALGAE 19) FOAL 20) BERN 21) RED

**WINNERS OF CROSSWORD 25 : SALEE PRAMILA, SREELATHA, MEGHA SUNIL, Dr. ARVIND GILBERT, ALEX WILLIAM DUKES, JESLIN TIBINET, REXY CHARLES**

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Numbers 24-33. In these ten chapters bridge the death of the old, rebellious generation with the mobilization of the new generation. Kindly, read these ten chapters before attempting the quiz. Please substantiate your answers by stating references (verse) from the Bible.

The questions are prepared from the English Standard Version (ESV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before July 31st through email at churchvoicequiz@gmail.com

> Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link.*

1. What was the total number of people of Israel when a census was taken on the plains of Moab?
2. "The Lord has held you back from honour", who said this to whom?
3. What happens if the father of a young woman still living in his house hears about a vow she made and opposes her?
4. What should be offered as burnt offering on every Sabbath?
5. Who is the father of Phinehas?
6. Who went to Gilead and captured it?
7. Whose daughters were to be given inheritance because he had no son?
8. When did the Israelites set out from Rameses?
9. Which is the day for the people to blow the trumpets?
10. How many men went for the battle against the Midianites?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions. Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

## The correct answers to the quiz from Numbers 14-23

1. Balaam's donkey (22:28)
2. Blue (15:38)
3. Joshua and Caleb (14:6)
4. At the waters of Meribah in Kadesh (20:12,13)
5. Because they spoke against God and against Moses (21:5,6)
6. The priesthood (18:7)
7. On (16:1)
8. Red (19:2-9)
9. Jacob (23:23)
10. Aaron's (17:8)

List of people who had submitted the right answers to the quiz from Numbers 14-23

1. Meehal Godwin
2. Sujana Satish
3. Helen Saramma E. H.
4. Lalitha Jacob
5. Sarojam
6. Latha Job
7. Salee Pramila D. P.
8. Sreelatha V. P.
9. Nisha Sanalkumar
10. Nirmala Lal Jayakumar
11. Dora Johnson
12. Premila Janelet Sylam
13. Chandra John
14. Girly Rajesh John
15. Rajesh John Ross
16. Megha Sunil
17. Dr. Arvind Gilbert J.
18. J. Mershiha John
19. Soben S. L.
20. Jeslin Tibinet
21. Reuben S. L.
22. Anie Reuben
23. Dr. Rexy Charles

List of people who submitted answers with one mistake

1. J. Sumangala
2. Jolly David
3. Leela Bai S.
4. Lilly Prasad
5. Gladis J.
6. Nesakumari Davidson
7. Jothi Roberts
8. Princy Bose

**ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ**
**ആഗസ്റ്റ് 2026 സംഖ്യപുസ്തകം 24–33**

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ച തിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. മോവാബ് സമഭൂമിയിൽവെച്ചു യിസ്രായേൽമക്കളുടെ സർവ്വസഭയെയും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിന്നുപ്രാപ്തിയുള്ള എല്ലാവരെയും ഗോത്രം ഗോത്രമായി എണ്ണിയപ്പോൾ എത്ര പേരുണ്ടായിരുന്നു?
2. യഹോവ നിനക്കു ബഹുമാനം മുടക്കിയിരിക്കുന്നു  എന്നു പറഞ്ഞത് ആര്?
3. ഒരു സ്ത്രീ ബാല്യപ്രായത്തിൽ അപ്പന്റെ വീട്ടിൽ ഇരിക്കുമ്പോൾ യഹോവെക്കു ഒരു നേർച്ച നേർന്നിരിക്കുമ്പോൾ അവളുടെ അപ്പൻ അവളോടു വിലക്കിയാൽ എന്തു സംഭവിക്കും?
4. ശബത്തുതോറും യിസ്രായേൽ മക്കൾ യഹോവെക്കു ഹോമയാഗത്തിന്നായി എന്ത് അർപ്പിക്കേണം?
5. ഫീനെഹാസിന്റെ പിതാവ്?
6. ഗിലെയാദിൽ ചെന്നു അതിനെ അടക്കിയത് ആര്?
7. ആരുടെ അവകാശമാണ് അവന് മകൻ ഇല്ലായ്കകൊണ്ട് അവന്റെ പുത്രിമാർക്ക് നൽകിയത്?
8. യിസ്രായേൽ മക്കൾ എന്നാണ് രമെസേസിൽനിന്നു പുറപ്പെട്ടത്?
9. കാഹളനാദോത്സവം എന്നാണ്?
10. മിദ്യാന്യർക്ക് എതിരെ യുദ്ധത്തിനു എത്ര പേർ പുറപ്പെട്ടു?

# Free Food Distribution at RCC
# on 4th, 11th, 18th, 25th June and 2nd July, 2026



എല്ലാ വ്യാഴാഴ്ചയുമുള്ള ഈ വിതരണത്തിൽ സഹകരിക്കാനും സഹായിക്കാനും താല്പര്യമുള്ളവർ ബന്ധപ്പെടുക :

| | | |
|---|---|---|
| Jothi Sathianess | Adv. Roy Y.A. | Ceragil Austin Prince |
| +91 98951 87978 | +91 8089 296427 | +91 90378 19570 |

# Albert Joseph Memorial Summer School of Church Music May 18 to 23, 2026



## MM CHURCH WARD CONVENTION

**Charachira :** The Ward Convention of Mateer Memorial CSI Church, Charachira Ward was conducted on Sunday, 24th May 2026, at the residence of Sri. Ramon Jose. Many members actively participated in the meeting. Message was delivered by Rev. Manoj Joseph, Promotional Secretary, Friends Missionary Prayer Band (FMPB).

**Thycaud :** The Ward Convention of Mateer Memorial CSI Church, Thycaud Ward was conducted on Sunday, 28th June 2026, at the residence of Dr. Dominic Jose. Many members actively participated in the meeting. Message was delivered by Evt. R. Ganesh, Retired Evangelist, Marthoma Church.

**26/7/2006ന് വൈകുന്നേരം Paruthippara Neil Bhavan–ൽ ക്രമീകരിച്ചിരിക്കുന്ന MUTTADA വാർഡ് കൺവെൻഷനിലേക്ക് ഏവർക്കും സ്വാഗതം.**

*Gone, but not forgotten*

16th Death Anniversary



# Dr. G. ARUL DHAS

Former Dean, Faculty of Science

Prof. & Head, (Retd.) Dept. of Physics, University of Kerala

A-76, Sharon, Kanaka Nagar, Trivandrum -3

Called to Eternal Glory on 16-07-2010

*By sorrowing family*

Wife: **Mrs. Myrtle Grace**

Children

**Dr. Vinod & Dr. Anitha, Dr. Manoj & Dr. Bini, Dr. Ann & Dr. Suresh**

Grandchildren

Nithin, Dr. Cerene, Tina, Dr. Zaneta,

Dr. Juana, Joshua, Dr. Tesiya, Lidiya & Ezekiel

*Thy memories shall never fade*

# Charachira Ward Convention May 2026



# Thycaud Ward Convention June 2026

